ആരോഗ്യ കേരളം
FEBRUARY 2024
follow us on /arogyakeralam https://arogyakeralam.gov.in

## പാലിയേറ്റീവ് കെയർ രോഗികൾക്ക് സാന്ത്വനവുമായി മന്ത്രി വീണാ ജോർജ്

# "ഞാനുമുണ്ട് പരിചരണത്തിന്"



**തിരുവനന്തപുരം:** പാലിയേറ്റീവ് കെയർ വാരാചരണത്തോടനുബന്ധിച്ച് സംഘടിപ്പിച്ച 'ഞാനുമുണ്ട് പരിചരണത്തിന്' കാമ്പയിന്റെ ഭാഗമായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് പേരൂർക്കട ജില്ലാ ആശുപത്രിയിലെ ഹോം കെയർ ടീമിനോടൊപ്പം ഗൃഹ സന്ദർശനം നടത്തി. പാലിയേറ്റീവ് പരിചരണം ലഭിച്ചുകൊണ്ടിരിക്കുന്ന വെള്ളയമ്പലം പാതിരപള്ളി വാർഡിലെ കെ.എസ്. വേണുഗോപാലൻ നായർ (72), അംബികാദേവി (66) എന്നിവരെയാണ് മന്ത്രി വീട്ടിലെത്തി കണ്ടത്. വി.കെ. പ്രശാന്ത് എം.എ.എ., മേയർ ആര്യാ രാജേന്ദ്രൻ, ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. ബിന്ദു മോഹൻ എന്നിവർ ഒപ്പമുണ്ടായിരുന്നു.

വീട്ടിലെത്തിയ മന്ത്രി ഇവരുടെ വിവരങ്ങൾ ചോദിച്ചറിഞ്ഞു. ആർമിയിൽ നിന്നും വിരമിച്ചയാളാണ് വേണുഗോപാലൻ നായർ. രോഗം കാരണം 12 വർഷമായി വായിലൂടെ ഭക്ഷണം കഴിക്കാൻ പറ്റാത്ത അവസ്ഥയിലാണ്. അംബികാദേവിയ്ക്കും രോഗം ബാധിച്ചതോടെ ഇരുവർക്കും പാലീയേറ്റീവ് കെയർ പ്രൈമറി യൂണിറ്റും സെക്കന്ററി യൂണിറ്റും കൃത്യമായ ഇടവേളകളിൽ ഇവരുടെ വീട്ടിലെത്തി പരിചരണം ഉറപ്പാക്കുന്നു.

സംസാരിക്കാൻ കഴിയാത്ത വേണുഗോപാലൻ നായർ ആംഗ്യ ഭാഷയിലൂടെ കാര്യങ്ങൾ സൂചിപ്പിച്ചു. വേണുഗോപാലൻ നായർ ഉദ്ദേശിച്ചത് ഭാര്യയും മകളും വിശദീകരിച്ചു. ചികിത്സയുടെ ഭാഗമായി വിവിധ ആശുപത്രികളി നിന്ന് പലതവണ സർജറി ചെയ്യേണ്ടി വന്നതിന്റെ കാര്യങ്ങളും അദ്ദേഹം വിവരിച്ചു.

വേണുഗോപാലൻ നായരെ പോലുള്ളവരുടെ മനോബലം രോഗം വന്നവർക്ക് കരുത്താണെന്ന് മന്ത്രി പറഞ്ഞു. മാസത്തിലൊരിക്കൽ കൃത്യമായി പാലിയേറ്റീവ് പരിചരണം ലഭിക്കാറുണ്ടെന്ന് അംബികാദേവിയും മറ്റ് ബന്ധുക്കളും പറഞ്ഞു. ഇതേറെ ആശ്വാസവും ആത്മവിശ്വാസവുമാണ് നൽകുന്നതെന്നും അവർ പറഞ്ഞു.

പാലിയേറ്റീവ് കെയർ രോഗികൾക്ക് മതിയായ ശാസ്ത്രീയ പരിചരണം ഉറപ്പാക്കാനായി ആവശ്യമായ ഇടപെടലുകൾ നടത്തി വരുന്നതായി മന്ത്രി വീണാ ജോർജ് മാധ്യമങ്ങളോട് പറഞ്ഞു. സർക്കാർ മേഖലയിൽ 1141 പ്രാഥമിക പാലിയേറ്റീവ് കെയർ യൂണിറ്റുകളാണുള്ളത്. ആരോഗ്യവകുപ്പിന് കീഴിൽ പ്രധാന ആശുപത്രികളിൽ 113 സെക്കന്ററി ലെവൽ യൂണിറ്റുകളും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിൽ 231 യൂണിറ്റുകളുമുണ്ട്. എട്ട് മെഡിക്കൽ കോളേജുകളിലും ആർ.സി.സി.യിലും എം.സി.സി.യിലും പാലിയേറ്റീവ് കെയർ യൂണിറ്റുകളുണ്ട്. കേരളത്തിൽ കിടപ്പിലായ എല്ലാ രോഗികൾക്കും പാലിയേറ്റീവ് പരിചരണം ഉറപ്പാക്കുക എന്നതാണ് സർക്കാർ ലക്ഷ്യമിടുന്നതെന്നും മന്ത്രി വ്യക്തമാക്കി. പാലിയേറ്റീവ് കെയർ ടീമിലെ ഡോ. അഞ്ജന എസ്.പി., നഴ്സുമാരായ ലുദിയ, അർച്ചന, കോ-ഓർഡിനേറ്റർ റോയി, ആശാവർക്കർ ശശികല എന്നിവരും ഒപ്പമുണ്ടായിരുന്നു.





ദേശീയ ജോയിന്റ് സപ്പോർട്ടീവ് സൂപ്പർവിഷൻ മിഷന്റെ ഭാഗമായി കേന്ദ്ര സംഘം വയനാട് ജില്ലയിലെ വിവിധ ആരോഗ്യ കേന്ദ്രങ്ങൾ സന്ദർശിക്കുന്നു.

# ജോയിന്റ് സപ്പോർട്ടീവ് സൂപ്പർവിഷൻ: പ്രവർത്തന മികവിന് കൈയ്യടിച്ച് കേന്ദ്രസംഘം

**വയനാട്**: 'അവധിക്കാല റിസോർട്ട് പോലെ ഒരുക്കിയിരിക്കുന്ന ഈ ആശുപത്രിയിൽ എത്തുന്നതേ രോഗം പാതി കുറയും' ദേശീയ ജോയിന്റ് സപ്പോർട്ടീവ് സൂപ്പർവിഷൻ മിഷന്റെ ഭാഗമായി നൂൽപ്പുഴ കുടുംബാരോഗ്യ കേന്ദ്രം സന്ദർശിച്ച കേന്ദ്ര സംഘത്തിന്റെ അഭിപ്രായമാണിത്. വയനാട് ജില്ലയിലെ വിവിധ ആരോഗ്യ കേന്ദ്രങ്ങളാണ് സംഘം സന്ദർശിച്ചത്. ജില്ലയിൽ ആരോഗ്യവകുപ്പിന് കീഴിൽ നടപ്പിലാക്കുന്ന പകർച്ചേതര വ്യാധി പ്രതിരോധ, നിയന്ത്രണ പ്രവർത്തനങ്ങളും ആരോഗ്യ സൗകര്യങ്ങളും പഠിക്കാനും നേരിട്ട് വിലയിരുത്താനും മാർഗനിർദേശങ്ങൾ നൽകാനുമാണ് കേന്ദ്ര സംഘമെത്തിയത്. അമ്പലവയൽ കുടുംബാരോഗ്യകേന്ദ്രം, ബത്തേരി താലൂക്ക് ആശുപത്രി, നല്ലൂർനാട് ഗവ. ട്രൈബൽ ആശുപത്രി, പൊഴുതന കുടുംബാരോഗ്യ കേന്ദ്രം, നൂൽപുഴ കുടുംബാരോഗ്യ കേന്ദ്രം എന്നിവിടങ്ങളിൽ സംഘമെത്തി. നല്ലൂർനാട് ആശുപത്രിയുടെ വികസനത്തിന് കേന്ദ്ര ഫണ്ട് ലഭ്യമാക്കാൻ നടപടിയെടുക്കുമെന്ന് സംഘം പറഞ്ഞു.

ജില്ലാ കളക്ടർ ഡോ. രേണു രാജുവുമായി കൂടിക്കാഴ്ച നടത്തിയ സംഘം ജില്ലയിലെ ആരോഗ്യസേവനങ്ങളുടെയും സൗകര്യങ്ങളുടെയും ഗുണനിലവാരം മറ്റു സംസ്ഥാനങ്ങൾക്ക് മാതൃകയാണെന്ന് അഭിപ്രായപ്പെട്ടു. ജില്ലയിലെ ജീവിതശൈലീ രോഗങ്ങളുടെ സ്ക്രീനിംഗ്, പരിശോധന, ചികിത്സാ സേവനങ്ങളും അനുബന്ധ പ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങളും പ്രശംസനീയമാണെന്ന് സംഘം വിലയിരുത്തി. കുടുംബക്ഷേമ മന്ത്രാലയത്തിലെ ഡെപ്യൂട്ടി സെക്രട്ടറി സരിതാ നായർ, എൻ.സി.ഡി സീനിയർ കൺസൾട്ടന്റ് ഡോ. അദ്നാൻ വർഗീസ്, കൺസൾട്ടന്റുമാരായ ഡോ. ശ്വേത സിങ്, ഋതിക കുമാരി, വേൾഡ് ഹെൽത്ത് ഓർഗനൈസേഷൻ എൻസിഡി നാഷണൽ പ്രൊഫഷണൽ ഓഫീസർ ഡോ. അഭിഷേക്, കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയ പ്രതിനിധികൾ, ലോകാരോഗ്യ സംഘടനാ പ്രതിനിധികൾ തുടങ്ങിയവർ സംഘത്തിലുണ്ടായിരുന്നു. ആരോഗ്യ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ ഡോ. ബിപിൻ ഗോപാൽ, ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) ഡോ. പി. ദിനീഷ്, ദേശീയ ആരോഗ്യ ദൗത്യം ജില്ലാ പ്രോഗ്രാം മാനേജർ ഡോ. സമീഹ സൈതലവി തുടങ്ങിയവർ സംഘത്തെ അനുഗമിച്ചു.

# രണ്ടര വർഷത്തിനുള്ളിൽ എല്ലാ പ്രാഥമികാരോഗ്യകേന്ദ്രങ്ങളിലും ലാബ് സൗകര്യം : മന്ത്രി വീണാ ജോർജ്

**പത്തനംതിട്ട**: നവകേരള കർമപദ്ധതിയുടെ ഭാഗമായി ആർദ്രം മിഷനിലൂടെ സംസ്ഥാനത്ത് രണ്ടര വർഷത്തിനുള്ളിൽ എല്ലാ പ്രാഥമികാരോഗ്യകേന്ദ്രങ്ങളിലും ലാബ് സൗകര്യം ലഭ്യമാക്കുമെന്ന് ആരോഗ്യവകുപ്പ് മന്ത്രി വീണാ ജോർജ് പറഞ്ഞു. തോട്ടപുഴശ്ശേരി ഗ്രാമപഞ്ചായത്തിലെ പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ ലബോറട്ടറി ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു മന്ത്രി. തോട്ടപ്പുഴശ്ശേരി പ്രാഥമികാരോഗ്യ കേന്ദ്രത്തിന് സ്വന്തമായി സ്ഥലം ഏറ്റെടുക്കുന്നതിന് 1.43 കോടി രൂപ അനുവദിച്ചിട്ടുണ്ടെന്നും ഈ വർഷം തന്നെ അത് യാഥാർഥ്യമാക്കുമെന്നും മന്ത്രി പറഞ്ഞു. അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനായുള്ള നിരവധി പദ്ധതികൾ ആറന്മുള മണ്ഡലത്തിൽ ആവിഷ്കരിച്ചിട്ടുണ്ട്. തൊട്ടപ്പുഴശ്ശേരിയിൽ അത്യാധുനിക സൗകര്യങ്ങളോടെ സജ്ജമാക്കിയിട്ടുള്ള ലാബിൽ 32 ടെസ്റ്റുകൾക്കുള്ള സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. പാലിയേറ്റിവ് കെയർ സൗകര്യങ്ങളും ജീവിതശൈലീ രോഗങ്ങൾക്ക് ഉൾപ്പെടെ ടെസ്റ്റുകൾക്കുള്ള സജ്ജീകരണങ്ങളും ഇവിടെ ലഭ്യമാക്കിയിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു.

തൊട്ടപ്പുഴശ്ശേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സി.എസ് ബിനോയ് അധ്യക്ഷത വഹിച്ച ചടങ്ങിൽ ജില്ലാ പഞ്ചായത്ത് അംഗം ജി.ജി. മാത്യു, ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) ഡോ. എൽ. അനിതകുമാരി, ആരോഗ്യകേരളം ജില്ലാ പ്രോഗ്രാം മാനേജർ ഡോ. എസ്. ശ്രീകുമാർ, ത്രിതല പഞ്ചായത്ത് അംഗങ്ങൾ, മെഡിക്കൽ ഓഫീസർ ഡോ. മഞ്ജിമ പൗലോസ് ഉദ്യോഗസ്ഥർ, രാഷ്ട്രീയപാർട്ടി പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.



തോട്ടപുഴശ്ശേരി ഗ്രാമപഞ്ചായത്തിലെ പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ ലബോറട്ടറി ഉദ്ഘാടനം മന്ത്രി വീണാ ജോർജ് നിർവഹിക്കുന്നു.

# പീടിക തിണ്ണയിൽ... കുശലം പറയാം, കുറച്ച് കാര്യവും

## ബോധവത്കരണ പരിപാടിയുമായി ആരോഗ്യവകുപ്പ്




ആരോഗ്യവകുപ്പിന്റെ 'പീടികത്തിണ്ണയിൽ... കുശലം പറയാം, കുറച്ച് കാര്യവും' ബോധവൽക്കരണ ക്യാമ്പയിൻ.

**ആലപ്പുഴ**: തകഴി കിഴക്കേൽ കരുമാടിയിലെ രാമചന്ദ്രൻ കൈമളിന്റെ ചായക്കടയിൽ എത്തിയവർക്ക് കൗതുകമായി ആരോഗ്യവകുപ്പിന്റെ 'പീടികത്തിണ്ണയിൽ..കുശലം പറയാം, കുറച്ച് കാര്യവും' ബോധവൽക്കരണ ക്യാമ്പയിൻ. പീടിക തിണ്ണയിലെ നാലു മണി നേരത്തെ പതിവ് കുശലം പറച്ചിലിലാണ് ആരോഗ്യവും രോഗ പ്രതിരോധ ശീലങ്ങളും ചർച്ചയായത്. തകഴിയുടെ മണ്ണിൽ ചെമ്മീനിലെ പരീക്കുട്ടി, കറുത്തമ്മ തുടങ്ങി കഥാപാത്രങ്ങളായാണ് ആരോഗ്യവകുപ്പ് ജീവനക്കാർ ചായക്കടയിലെത്തിയത്. ആരോഗ്യ സന്ദേശങ്ങൾ സരസവും ലളിതവുമായി ജനമനസ്സുകളിലേക്ക് എത്തിക്കുക എന്നതാണ് ലക്ഷ്യം.

പാടശേഖരങ്ങളും കൃഷി സ്ഥലങ്ങളും കൂടുതലുള്ള പ്രദേശമായതിനാൽ എലിപ്പനിയായിരുന്നു പ്രധാന ചർച്ചാ വിഷയം. രണ്ടാഴ്ചയിലേറെ നീണ്ടുനിൽക്കുന്ന ചുമയുള്ളവർ കഫ പരിശോധനയ്ക്ക് വിധേയമാകേതിന്റെ പ്രാധാന്യവും ചർച്ച ചെയ്തു.

തകഴി പ്രാഥമിക ആരോഗ്യ കേന്ദ്രം മെഡിക്കൽ ഓഫീസർ ഡോ. പ്രീതിയും ജില്ലാ എഡ്യൂക്കേഷൻ മീഡിയ ഓഫീസർ ഇൻ ചാർജ് ജി. രജനിയും ചർച്ചയിൽ പങ്കാളികളായി. വാർഡ് മെമ്പർ മഞ്ജു, ആരോഗ്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ ജയചന്ദ്രൻ, ഡെപ്യൂട്ടി എജുക്കേഷൻ മീഡിയ ഓഫീസർ ഐ. ചിത്ര, ഹെൽത്ത് ഇൻസ്പെക്ടർ ഷിജി മോൻ തുടങ്ങിയവർ പങ്കെടുത്തു.

# ക്യാൻസർ പ്രതിരോധവും ചികിത്സയും ഉറപ്പാക്കാൻ

# പരിരക്ഷ ക്യാമ്പയിൻ




**പരിരക്ഷാ ക്യാൻസർ സ്ക്രീനിങ് ക്യാമ്പയിൻ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ. ബിനു മോൾ ഉദ്ഘാടനം ചെയ്യുന്നു.**

**പാലക്കാട്:** ജില്ലയിൽ കാൻസർ പ്രതിരോധം ലക്ഷ്യമിട്ട് നടപ്പാക്കുന്ന പരിരക്ഷാ ക്യാൻസർ സ്ക്രീനിങ് ക്യാമ്പയിൻ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ. ബിനു മോൾ ഉദ്ഘാടനം ചെയ്തു. ജനുവരി 22 മുത മാർച്ച് 31 വരെയാണ് ക്യാമ്പയിൻ നടക്കുന്നത്. ജെ എച്ച് ഐ , ജെ പി എച്ച് എൻ, എം എ എസ് പി, ആശാ പ്രവർത്തകർ എന്നീ ഫീൽഡ് തല ആരോഗ്യ പ്രവർത്തകർ വഴി ജില്ലയിലെ മുഴുവൻ ജനങ്ങളെയും ക്യാൻസർ ലക്ഷണങ്ങളെ കുറിച്ച് ബോധവൽക്കരിക്കുകയും ലക്ഷണങ്ങൾ ഉണ്ടെങ്കിൽ അടുത്തുള്ള ആരോഗ്യ കേന്ദ്രത്തിൽ എത്തിച്ച് രോഗ സ്ഥിരീകരണം നടത്തി നേരത്തെ തന്നെ ചികിത്സ ഉറപ്പാക്കുകയും ചെയ്യുന്ന ക്യാമ്പയിൻ ആണ് പരിരക്ഷ.

ആശ പ്രവർത്തകർ വീടുകളിലെത്തി വിവരശേഖരണം നടത്തി പ്രമേഹം, രക്തസമ്മർദ്ദം, കൊളസ്ട്രോൾ, വിവിധ അർബുദങ്ങൾ, ശ്വാസകോശ രോഗങ്ങൾ എന്നിങ്ങനെയുള്ള വിവിധ ജീവിതശൈലി രോഗങ്ങളുടെ നിർണയത്തിനായി സംസ്ഥാന സർക്കാരിന് കീഴിലുള്ള ശൈലി ആപ്പ് മുഖേനയും ഫീൽഡ് തല സ്ക്രീനിങ് ക്യാമ്പയിനിലൂടെയും ക്യാൻസർ ലക്ഷണങ്ങൾ ഉണ്ടെന്ന് കത്തെിയവർ തൊട്ടടുത്തുള്ള ആരോഗ്യ കേന്ദ്രത്തിൽ എത്തി പരിശോധിക്കണം. വിദഗ്ധ പരിശോധനയ്ക്കും ചികിത്സയ്ക്കുമായി ഒറ്റപ്പാലം താലൂക്ക് ആശുപത്രിയിലക്കോ ജില്ലാ ആശുപത്രിയിലേക്കോ അയക്കും.

ക്യാൻസർ മൂലമുള്ള മരണങ്ങൾ പ്രതിവർഷം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ വലിയ മുൻകരുതലും പ്രതിരോധവും ബോധവൽക്കരണവും അനിവാര്യമായിരിക്കുകയാണ്. പ്രതിരോധ പ്രവർത്തനങ്ങളിലൂടെ മൂന്നിലൊന്ന് ക്യാൻസർ ബാധകളും തടയാമെന്നും മറ്റൊരു മൂന്നിലൊന്ന് ക്യാൻസർ ബാധകൾ മുൻകൂട്ടിയുള്ള രോഗ നിർണയ ചികിത്സയിലൂടെ ഒഴിവാക്കാമെന്നുമാണ് ഗവേഷണങ്ങളിലൂടെ തെളിയിക്കപ്പെട്ടിട്ടുള്ളത്. 2030 ആകുമ്പോഴേക്കും ക്യാൻസർ മരണങ്ങൾ 80 ശതമാനം വർദ്ധിക്കുമെന്നാണ് ലോകാരോഗ്യ സംഘടനയും കണക്കാക്കുന്നത്. ഒട്ടുമുക്കാലും അർബുദങ്ങൾ ആരംഭദശയിൽ തന്നെ കണ്ടെത്താവുന്നതാണ് എന്ന സാഹചര്യത്തിൽ അർബുദ ലക്ഷണങ്ങളെ പറ്റി പൊതുജനങ്ങളെ ബോധവൽക്കരിക്കുക എന്നുള്ളതിനാണ് 'പരിരക്ഷ' ക്യാൻസർ സ്ക്രീനിങ് ക്യാമ്പയിനിൽ പ്രഥമ പരിഗണന.

പാലക്കാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് സേതുമാധവൻ വി. അദ്ധ്യക്ഷനായി. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) ഡോ. വിദ്യ കെ.ആർ. വിഷയാവതരണം നടത്തി സംസാരിച്ചു. ഡെപ്യൂട്ടി ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) ഡോ. മണികണ്ഠൻ. എ. വി , പറളി ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് രേണുകാദേവി.കെ , ബഹു.ജില്ലാ പഞ്ചായത്ത് അംഗം സഫ്ദർ ഷെറീഫ് എം.എച്ച് , പറളി സാമൂഹിക ആരോഗ്യ കേന്ദ്രം മെഡിക്കൽ ഓഫീസർ ഡോ. മേരി ജ്യോതി വിൽസൺ , ആർദ്രം നോഡൽ ഓഫീസർ ഡോ. അനൂബ് റസാക് തുടങ്ങിയവർ പങ്കെടുത്തു.

# കേരളത്തിലും റോബോട്ടിക് സർജറി

## ആരോഗ്യമേഖലയിൽ പുത്തൻ ചുവടുവയ്പ്പ്: മുഖ്യമന്ത്രി

**തിരുവനന്തപുരം** : റീജിയണൽ ക്യാൻസർ സെന്ററിൽ സ്ഥാപിച്ച റോബോട്ടിക് സർജറി യൂണിറ്റ് ക്യാൻസർ ചികിത്സാ രംഗത്തു കേരളത്തിന്റെ ആരോഗ്യ മേഖലയുടെ സുപ്രധാന ചുവടുവയ്പ്പാണെന്നു മുഖ്യമന്ത്രി പിണറായി വിജയൻ. മലബാർ കാൻസർ സെന്ററിലും വൈകാതെ ഈ സംവിധാനം യാഥാർഥ്യമാകുമെന്നും അദ്ദേഹം പറഞ്ഞു. ആർ.സി.സിയിലെ റോബോട്ടിക് സർജറി യൂണിറ്റിന്റെയും ഹിപെക് ചികിത്സാ സംവിധാനം, പേഷ്യന്റ് വെൽഫെയർ ആൻഡ് സർവീസ് ബ്ലോക്ക്, ക്ലിനിക്കൽ ലബോറട്ടറി ട്രാക്കിങ് സംവിധാനം എന്നിവയുടെയും ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മുഖ്യമന്ത്രി.

പുതുതായി പ്രവർത്തനം തുടങ്ങുന്ന റോബോട്ടിക് സർജറി യൂണിറ്റ് ആർ.സി.സിയുടെ കാര്യശേഷി വർധിപ്പിക്കുന്നതാണെന്നു മുഖ്യമന്ത്രി ചൂിക്കാട്ടി. രാജ്യത്തു ചുരുക്കം ചില സ്ഥലങ്ങളിലും വിദേശത്തും മാത്രമാണു നിലവിൽ റോബോട്ടിക് സർജറി സംവിധാനമുള്ളത്. 30 കോടി രൂപ ചെലവിലാണു പൊതുമേഖലയിലെ ആദ്യ റോബോട്ടിക് സർജറി യൂണിറ്റ് സ്ഥാപിച്ചത്. സർജിക്കൽ റോബോട്ടിന്റെ സഹായത്തോടെ നടത്തുന്ന ശസ്ത്രക്രിയയാണു റോബോട്ടിക് സർജറി. രോഗിയുടെ വേദന കുറയ്ക്കുക, ശസ്ത്രക്രിയയ്ക്കിടയിലെ രക്തസ്രാവം കുറയ്ക്കുക, ശസ്ത്രക്രിയയ്ക്കു ശേഷമുള്ള റിക്കവറി ടൈം കുറയ്ക്കുക തുടങ്ങിയവയാണ് ഇതിന്റെ പ്രത്യേകതകൾ. നൂതന സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തി രോഗനിർണയവും ചികിത്സയും കൂടുത ഹൈടെക് ആക്കുന്നതിന്റെ ഭാഗമായാണ് ആർസിസിയിലും മലബാർ കാൻസർ സെന്ററിലും റോബോട്ടിക് ശസ്ത്രക്രിയാ സംവിധാനവും ഡിജിറ്റൽ പാത്തോളജി മികവിന്റെ കേന്ദ്രങ്ങളും സജ്ജമാക്കുന്നതെന്നും റീബിൽഡ് കേരള ഇനിഷ്യേറ്റിവിലൂടെയാണ് ഇതിനുള്ള തുക സംസ്ഥാന സർക്കാർ അനുവദിച്ചതെന്നും മുഖ്യമന്ത്രി പറഞ്ഞു.

ശസ്ത്രക്രിയയോടൊപ്പം ക്യാൻസർബാധിത ശരീരഭാഗത്ത് കീമോ തെറപ്പി നൽകാൻ കഴിയുന്നതാണു ഹൈപ്പർ തെർമിക് ഇൻട്രാപെരിറ്റോണിയൽ കീമോതെറാപ്പി അഥവാ ഹിപെക് സംവിധാനം. 1.32 കോടി ചെലവിലാണ് ഈ നൂതന ചികിത്സാ സംവിധാനം ആർ.സി.സിയിൽ ഒരുക്കിയിട്ടുള്ളത്. ക്യാൻസർ ശസ്ത്രക്രിയാ രംഗത്ത് ഏറ്റവും നൂതന മാർഗങ്ങളിലൊന്നാണ് ഇത്. രോഗികൾക്കു ലഭ്യമാക്കുന്ന സേവനങ്ങളിൽ ആധുനിക സാങ്കേതികവിദ്യകളെ പ്രയോജനപ്പെടുത്താൻ ആർ.സി.സി. തയാറാകുന്നുന്നെതിന്റെ തെളിവാണ് പുതുതായി ആരംഭിച്ച പേഷ്യന്റ് വെൽഫെയർ ആൻഡ് സർവീസ് ബ്ലോക്ക്. പ്രതിവർഷം 17,000ൽപ്പരം പുതിയ രോഗികളും രണ്ടു ലക്ഷത്തിൽപ്പരം പഴയ രോഗികളും ആർ.സി.സിയിൽ ചികിത്സയ്ക്കെത്തുന്നുണ്ട്.

1.65 കോടി രൂപ ചെലവിൽ നിർമിച്ച ഈ സൗകര്യം ഒരുക്കുന്നതിന് ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ സിഎസ്ആർ ഫണ്ടിൽ നിന്ന് 65 ലക്ഷം രൂപ നൽകിയിരുന്നു. ഒരു കോടിയോളം രൂപ ചെലവിൽ നവീകരിച്ച ക്ലിനിക്കൽ ലബറോട്ടറി ട്രാക്കിങ് സംവിധാനവും മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തു. ക്ലിനിക്കൽ ലബോറട്ടറി പരിശോധനകൾ നിർവഹിക്കുന്നതിനും നിരീക്ഷിക്കുന്നതിനുമുള്ള ഓട്ടൊമേറ്റഡ് സംവിധാനമാണിത്.

ആർ.സി.സിയിൽ നടന്ന പരിപാടിയിൽ ആരോഗ്യ മന്ത്രി വീണാ ജോർജ് അധ്യക്ഷയായി. മേയർ ആര്യ രാജേന്ദ്രൻ, കടകംപള്ളി സുരേന്ദ്രൻ എം.എ.എ, കൗൺസിലർ ഡി.ആർ. അനിൽ, ആർ.സി.സി. ഡയറക്ടർ ഡോ. രേഖ എ. നായർ, അഡിഷണൽ ഡയറക്ടർ ഡോ. എ. സജീദ് എന്നിവരും പങ്കെടുത്തു.



**റീജിയണൽ ക്യാൻസർ സെന്ററിൽ സ്ഥാപിച്ച റോബോട്ടിക് സർജറി യൂണിറ്റ് ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കുന്നു**

# ആന്റിബയോട്ടിക്കുകളുടെ അമിത ഉപയോഗം തടയാൻ ഓപ്പറേഷൻ അമൃത്



**തിരുവനന്തപുരം:** ആന്റിബയോട്ടിക്കുകളുടെ അമിത ഉപയോഗം തടയാൻ സംസ്ഥാനത്ത് ഓപ്പറേഷൻ അമൃത് (AMRITH- Antimicrobial Resistance Intervention For Total Health) എന്ന പേരിൽ ഡ്രഗ്സ് കൺട്രോൾ വിഭാഗം പരിശോധനകൾ ശക്തമായി ആരംഭിക്കുകയാണ്. കുറിപ്പടിയില്ലാതെ ഏതെങ്കിലും ഫാർമസികൾ ആന്റിബയോട്ടിക്കുകൾ വിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടാൽ പൊതുജനങ്ങൾക്കും വിവരം നൽകാവുന്നതാണ്. ഡ്രഗ്സ് കൺട്രോളർ നിയോഗിക്കുന്ന പ്രത്യേക സ്ക്വാഡും ഈ രഹസ്യ ഓപ്പറേഷന്റെ ഭാഗമാകും. ആന്റിബയോട്ടിക്കുകൾ വിൽക്കുന്നതിന്റെ വിവരങ്ങൾ കൃത്യമായി ഫാർമസികൾ സൂക്ഷിക്കേതാണ്. 'ഡോക്ടറുടെ കുറിപ്പടിയില്ലാതെ ആന്റിബയോട്ടിക്കുകൾ വിൽക്കുന്നതല്ല' എന്ന പോസ്റ്റർ സ്ഥാപനത്തിൽ പ്രദർശിപ്പിക്കേതാണ്. ഡോക്ടറുടെ കുറിപ്പടിയില്ലാതെ ആന്റിബയോട്ടിക്കുകൾ നൽകുന്ന ഫാർമസികൾക്കും മെഡിക്കൽ സ്റ്റോറുകൾക്കുമെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്.

ഡോക്ടറുടെ കുറിപ്പടി ഇല്ലാതെയുള്ള ആന്റിബയോട്ടിക് ഉപയോഗം 2024ൽ പൂർണമായും നിർത്തലാക്കാനുള്ള കഠിന പ്രയത്നത്തിലാണ് ആരോഗ്യ വകുപ്പ്. ലോകാരോഗ്യ സംഘടന എ.എം.ആറിനെ ഇതിനോടകം തന്നെ വിശേഷിപ്പിച്ചത് നിശബ്ദ മഹാമാരി എന്നാണ്. ഇപ്പോഴത്തെ സ്ഥിതി തുടർന്നാൽ 2050 ആകുമ്പോഴേക്കും ലോകത്ത് ഒരു കോടി ആളുകൾ ആന്റി മൈക്രോബിയൽ റെസിസ്റ്റൻസ് കൊണ്ട് മരണമടയും എന്നാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്. സ്ഥിരമായി ആന്റിബയോട്ടിക്കുകൾ കഴിക്കുന്നത് മൂലം ആന്റിബയോട്ടിക്കുകളെ പ്രതിരോധിക്കാൻ സാധ്യതയുള്ള രോഗാണുക്കൾ കൊണ്ടുള്ള അണുബാധ ഉണ്ടാകാൻ സാധ്യതയുണ്ട്. ഇത് ഗുരുതര ആരോഗ്യ പ്രശ്നങ്ങളുണ്ടാക്കും.

# 2024 ജനുവരി 15 പാലിയേറ്റീവ് ദിനവുമായി ബന്ധപ്പെട്ട് ജില്ലയിലെ വിവിധ ക്യാമ്പസുകളിൽ സ്റ്റുഡൻസ് പാലിയേറ്റീവ് ക്ലബ്ബുകൾ രൂപീകരിച്ചു.

15 ജനുവരി 2024 പാലിയേറ്റീവ് ദിനം

## തൃശൂർ ശ്രീ കേരളവർമ്മ കോളേജിലെ രണ്ടാം വർഷ സുവോളജി വിദ്യാർത്ഥിയും സ്റ്റുഡൻറ് പാലിയേറ്റീവ് കെയർ വളണ്ടിയറുമായ അഖില ഗണേഷ് പി ജി ഹോം കെയർ അനുഭവം പങ്കുവെയ്ക്കുന്നു.



അഖില ഗണേഷ്

**തൃശൂർ**: ആദ്യമായി പാലിയേറ്റീവ് കെയറിനു പോയ ദിവസത്തെ അനുഭവമാണ് ഞാനിവിടെ എഴുതുന്നത്. ആദ്യമായിട്ട് ആയതു കൊണ്ട് തന്നെ പ്രായമായവരെ പ്രതീക്ഷിച്ചാണ് പോയത്. കാരണം ഞങ്ങൾ വിദ്യാർത്ഥികളെ കൊണ്ട് പോകുന്നതിന്റെ ഒരു ലക്ഷ്യം രോഗികളോട് നല്ല രീതിയി സംസാരിച്ചു അവർക്ക് ഒരു മാനസിക സന്തോഷം നൽകുക എന്നതാണല്ലോ. അതിനാൽ തന്നെ അതിന് വേണ്ടി തയ്യാറായാണ് ഞാൻ പോയത്. എന്നാൽ അന്ന് ആദ്യം പോയ വീട്ടിലെ അനുഭവം എന്റെ ഈ വക വിചാരങ്ങളിൽ നിന്ന് വ്യത്യസ്തമായിരുന്നു. പ്രായമായവരെ കിടക്കയിൽ പ്രതീക്ഷിച്ച ഞാനന്ന് കണ്ടത് നാൽപ്പത് വയസുള്ള വരുന്ന ഒരു ചേച്ചിയെ ആണ്. ചേച്ചിക്ക് തലയിൽ ട്യൂമർ ആയിരുന്നു. അതിന്റെ ഭാഗമായി ആൾക്ക് രണ്ട് ഓപ്പറേഷനും കഴിഞ്ഞിട്ടുണ്ടായിരുന്നു. കൂടാതെ രണ്ട് മാസത്തിനു മുൻപ് ഗർഭപാത്രവും നീക്കം ചെയ്തിരുന്നു.

അവരുടെ മുറിയിലേക്ക് പോയ ഞാൻ ആദ്യം ശ്രദ്ധിച്ചത് ആ ചേച്ചിയുടെ മുഖത്തേക്കായിരുന്നു. അവരുടെ വലതു കണ്ണിന്റെ സ്ഥാനത്ത് ചുവന്ന നിറത്തിൽ തുറിച്ചു നിൽക്കുന്ന ഒരു തൊലിയാണ് ഞാൻ കത്. ഇപ്പോൾ അവർ പാലിയേറ്റീവ് കെയർ ആവശ്യപ്പെടാൻ കാരണം ചേച്ചിക്ക് രണ്ട് ദിവസമായി മലവിസർജനം നടക്കുന്നില്ല. ആ സമയത്തു ഞങ്ങളുടെ കൂടെ ഉണ്ടായിരുന്ന നഴ്സ് ആയ സുനിതേച്ചി യാതൊരു മടിയും കൂടാതെ അതിനു വേണ്ടുന്ന കാര്യങ്ങൾ ചെയ്തു. അത് കണ്ടപ്പോൾ എനിക്ക് സുനിതേച്ചിയോട് വളരെ അധികം ബഹുമാനം തോന്നിയിരുന്നു. കാരണം സാധാരണ ആളുകൾ മടിക്കുന്ന കാര്യമാണ് അവർ ഒരു മടിയും കൂടാതെ ചെയ്തത്. പക്ഷെ ഈ സമയം ഇതെല്ലാം കണ്ട് കൊണ്ട് നിന്ന എനിക്ക് തല കറക്കം അനുഭവപ്പെട്ടു. അതിന് കാരണം ആ കാഴ്ചകൾ ആയിരുന്നു. സ്വമേധയാൽ ഇങ്ങനെയുള്ള കാര്യങ്ങളിൽ ധൈര്യവതി ആണെന്നുള്ള എന്റെ ആ ധാരണയും അന്നത്തെ അനുഭവം മാറ്റി തന്നു.

ഞാൻ മനസ്സിൽ കണ്ട പാലിയേറ്റീവ് ശരിക്കും രോഗികളെ കണ്ട് അവരോട് സംസാരിച്ചു അവർക്ക് ഒരു മാനസിക സന്തോഷം നൽകലാണ് എന്നായിരുന്നു.

പക്ഷെ അന്ന് ഞാൻ കണ്ട ആ ചേച്ചിക്ക് സംസാരിക്കാൻ ബുദ്ധിമുട്ടായിരുന്നു. അപ്പൊ എന്ത് ചെയ്യും എന്ന് വിചാരിച്ചു നിന്ന ഞാൻ അവരുടെ അമ്മയോട് സംസാരിച്ചു. എന്നോട് സംസാരിച്ച ആ അമ്മ അവരുടെ വിഷമം പറഞ്ഞു കരഞ്ഞു. അപ്പോൾ ഞാൻ മനസിലാക്കിയ ഒരു കാര്യമുണ്ട്. പാലിയേറ്റീവ് കെയർ എന്നതിലൂടെ നമ്മൾ പരിപാലിക്കേണ്ടത് രോഗികളെ മാത്രമല്ല അവരുടെ പ്രിയപെട്ടവരെ കൂടെയാണ്. കാരണം ഞാൻ അന്ന് ആ സംസാരിച്ചത് കുറച്ചു നേരത്തേക്കെങ്കിലും ആ അമ്മയ്ക്ക് ഒരു ആശ്വാസമായിട്ടുണ്ട് എന്നത് ഉറപ്പാണ്.

# പരാതികൾ ഒഴിയുന്നു

## പീരുമേട് ആശുപത്രിയിൽ ഒറ്റ ദിവസം അഞ്ചു പ്രസവം

**ഇടുക്കി**: കൂടുതൽ സൗകര്യങ്ങളൊരുക്കിയ പ്രസവവാർഡ് ആരംഭിച്ചതിനുശേഷം പീരുമേട് ആശുപത്രിയി ഒരു ദിവസം നടന്നത് 5 പ്രസവം. പീരുമേട് താലൂക്ക് ആശുപത്രിയിൽ ആരംഭിച്ച പ്രസവാനുബന്ധ സേവനങ്ങൾ ഫലപ്രാപ്തിയിലേക്ക് എത്തുന്നു. മന്ത്രി വീണാ ജോർജിന്റെ ആശുപത്രി സന്ദർശന സമയത്ത് എടുത്ത നിർണ്ണായക തീരുമാനങ്ങൾ പ്രസവ സേവനങ്ങൾക്ക് ഗുണം ചെയ്തു. ജനുവരി 9ന് ഒരു ദിവസം മാത്രം ആശുപത്രിയിൽ നടന്നത് 5 പ്രസവങ്ങളാണ്.

പ്രദേശത്തെ തോട്ടം തൊഴിലാളികളുടേയും സാധാരണക്കാരുടേയും ഏക ആശ്രയമായ താലൂക്ക് ആശുപത്രിയിൽ ദീർഘകാലത്തെ കാത്തിരിപ്പിനൊടുവിലാണ് പ്രസവവാർഡ് ആരംഭിച്ചത്. ആധുനീക സജ്ജീകരണങ്ങൾ ഉള്ള ഐ.പി വാർഡ്, പ്രസവ മുറി, ഓപ്പറേഷൻ തീയേറ്റർ അടക്കം 35 കിടക്കകളാണ് വാർഡി ഒരുക്കിയിട്ടുള്ളത്.

2022 നവംബറിൽ പീരുമേട് താലൂക്ക് ആശുപത്രിയിൽ ആധുനീക സൗകര്യങ്ങളോടു കൂടിയ പ്രസവ വാർഡ് ഉദ്ഘാടനം ചെയ്തത്. തുടർന്നുള്ള ഒരു വർഷം പ്രസവങ്ങൾ നടന്നിരുന്നുവെങ്കിലും മതിയായ സേവനം തദേശവാസികൾക്ക് ലഭിക്കുന്നില്ല എന്ന പരാതി ഉയർന്നിരുന്നു.

മന്ത്രിയുടെ ഇടപെടലിനെ തുടർന്ന് ജില്ലാ മെഡിക്കൽ ആഫീസർ, ജില്ലാ പ്രോഗ്രാം മാനേജർ എന്നിവരുടെ നിർദേശപ്രകാരം ഒരു സീനിയർ ഗൈനക്കോളജിസ്റ്റിന്റെ സേവനം ആഴ്ചയിൽ രണ്ടു ദിവസം ലഭ്യമാക്കി. അതോടൊപ്പം ഒരു അനസ്തേഷ്യ വിഭാഗം ഡോക്ടറിനെ എൻ.എച്ച്.എം - നിന്നും ലഭ്യമാക്കുകയും ചെയ്തു. ഇതോടെ ഡിസംബർ മാസം 14 ഡെലിവറിയും (10 നോർമ , 4 സിസേറിയൻ) 4 പിപിഎസ്, 5 ഡിഭസി ആന്റ് ബയോപ്സി പ്രവർത്തനം എന്നിവ നടന്നു. ജനുവരി മാസം 22 വരെ 12 ഡെലിവറി (8 നോർമ + 4 സിസേറിയൻ) 4 പിപിഎസ്, 5 ഡിഭസി ആന്റ് ബയോപ്സി കേസ്) സേവനങ്ങളും നൽകിയിട്ടുണ്ട്.



പീരുമേട് താലൂക്ക് ആശുപത്രിയിൽ കൂടുതൽ സൗകര്യങ്ങളൊരുക്കിയ പ്രസവവാർഡ്

# ജീവിതശൈലി രോഗപ്രതിരോധം ലക്ഷ്യം: ഒന്നാംഘട്ട സർവ്വേ പൂർത്തിയായി



സംസ്ഥാനത്ത് ജീവിതശൈലി രോഗങ്ങൾ കണ്ടുപിടിക്കുന്നതിനും പ്രതിരോധിക്കുന്നതിനും ലക്ഷ്യമിട്ട് നടപ്പാക്കുന്ന ജനസംഖ്യാധിഷ്ഠിത സ്ക്രീനിംഗിൽ ആദ്യവർഷം പൂർത്തിയായതിൽ 6.26 ലക്ഷത്തിലധികം പേർക്ക് രക്താതിസമ്മർദവും 55,000ലധികം പേർക്ക് പ്രമേഹവും പുതുതായി കണ്ടെത്തി. സംസ്ഥാനത്ത് പരിശോധനയ്ക്ക് എത്തിയ മൂന്നിൽ ഒരാൾക്ക് രക്താതിസമ്മർദം ഉണ്ടെന്നാണ് ഒന്നാംഘട്ട സർവ്വേയിലൂടെ കണ്ടെത്തിയത്. ആദ്യഘട്ടത്തിൽ 30 വയസിന് മുകളിൽ പ്രായമുള്ള 1.53 കോടിയിലധികം പേരെയാണ് സ്ക്രീനിംഗിന് വിധേയമാക്കിയത്.

നവകേരളം കർമ്മപദ്ധതി രണ്ടിന്റെ ഭാഗമായി ആർദ്രം മിഷനിലൂടെ രോഗപ്രതിരോധം ലക്ഷ്യം വച്ചാണ് സംസ്ഥാനത്തെ 30 വയസിന് മുകളിൽ പ്രായമുള്ള എല്ലാ വ്യക്തികളേയും സ്ക്രീൻ ചെയ്യാൻ ആരംഭിച്ചത്. ഇതിനായി ശൈലി ആപ് വികസിപ്പിച്ചെടുത്തു. ആശാപ്രവർത്തകൾ വീടുകളിലെത്തി സ്ക്രീനിംഗ് നടത്തി. സ്ക്രീനിംഗിലൂടെ രക്താതിസമർദം സംശയിച്ച 20,51,305 പേരിൽ നടത്തിയ പരിശോധനയിൽ 626530 (31ശതമാനം) പേർക്ക് പുതുതായി രക്താതിസമർദവും സ്ക്രീനിംഗിലൂടെ പ്രമേഹം സംശയിച്ച 20,45,507 പേരിൽ നടത്തിയ പരിശോധനയിൽ 55,120 (2.7ശതമാനം) പേർക്ക് പുതുതായി പ്രമേഹവും കണ്ടെത്തി. നിലവിൽ രക്താതിസമർദും പ്രമേഹവുമുള്ളവർക്ക് പുറമേയുള്ള കണക്കാണിത്.

ജീവിതശൈലി രോഗങ്ങളുടെ പ്രതിരോധം കേരളത്തിന്റെ പൊതുജനാരോഗ്യ സംവിധാനത്തിൽ വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. മാറിയ ജീവിത സാഹചര്യങ്ങളും തെറ്റായ ജീവിതശൈലികളും ആഹാര ശീലങ്ങളുമാണ് ജീവിതശൈലി രോഗങ്ങൾക്ക് കാരണമാകുന്നത്. ആദ്യ വർഷത്തെ ജനസംഖ്യാധിഷ്ഠിത സ്ക്രീനിംഗിൽ വിട്ടുപോയവരെ കൂടി ഉൾപ്പെടുത്തിയും മുൻവർഷത്തെ അനുഭവം ഉൾക്കൊണ്ടുമാണ് രണ്ടാം വർഷ സ്ക്രീനിംഗ് ആവിഷ്ക്കരിച്ചിട്ടുള്ളത്.



# ശബരിമല തീർത്ഥാടകന് ഒരു ലക്ഷം രൂപയുടെ ചികിത്സ സൗജന്യം

**കോട്ടയം:** രക്തം കട്ടപിടിക്കാത്ത ഹീമോഫിലിയ രോഗിയായ ശബരിമല തീർത്ഥാടകൻ ആന്ധ്രാ നെല്ലൂർ സ്വദേശി രംഗനാഥന് (26 വയസ്സ്) ഒരു ലക്ഷം രൂപയുടെ ചികിത്സ സംസ്ഥാന സർക്കാരിന്റെ ആശാധാര പദ്ധതിയിലൂടെ സൗജന്യമായി നൽകി. ഏതാനും ദിവസങ്ങൾക്കു മുൻപ് കാൽ മുട്ടിനു നീരുവീക്കവുമായി ആന്ധ്രയിലെ നെല്ലൂരിൽ ചികിത്സ നേടിയെങ്കിലും കൃത്യമായ ചികിത്സ ലഭിക്കാത്തതുമൂലം തീർത്ഥാടന യാത്രയ്ക്കിടെ കാൽ മുട്ടിൽ നിന്ന് രക്തസ്രാവം ഉണ്ടാവുകയായിരുന്നു. രക്തം വാർന്ന് ക്ഷീണിതനായി പത്തനംതിട്ട ജനറൽ ആശുപത്രിയിൽ പ്രാഥമിക ചികിത്സ നേടിയശേഷമാണ് ജനുവരി 10ന് കോട്ടയം മെഡിക്കൽ കോളേജിൽ ചികിത്സയ്ക്കെത്തിയത്.

രക്തസ്രാവം മൂലം തികച്ചും ക്ഷീണിതനായ രോഗിക്ക് തുടക്കത്തിൽ ആവശ്യത്തിന് രക്തം നൽകിയശേഷം ഏതുതരം രക്തഘടകത്തിന്റെ അഭാവം മൂലമുള്ള രോഗമാണെന്ന് പരിശോധിച്ച് അത് നൽകുകയാണ് വേണ്ടത്. കൃത്യമായ ചികിത്സ ലഭിച്ചില്ലെങ്കിൽ മരണം സംഭവിക്കാവുന്ന അവസ്ഥയാണിത്. 8 ആം രക്തഘടകത്തിന്റെ അഭാവം കണ്ടെത്തി അത് നൽകി രക്തസ്രാവം നിയന്ത്രിക്കുകയായിരുന്നു. 1000 യൂണിറ്റിന് 6000 രൂപ വിലമതിക്കുന്ന 16000 യൂണിറ്റ് രക്തഘടകമാണ് രോഗിക്ക് നൽകിയത്. 96000 രൂപ വിലമതിക്കുന്ന മരുന്നാണ് ഇത്.

രംഗനാഥൻ ആന്ധ്രാ നെല്ലൂർ ജില്ലയിൽ സ്വകാര്യ സ്കൂളിൽ യു.പി തലത്തിൽ സോഷ്യൽ സയൻസ് അധ്യാപകനാണ്. മെഡിക്കൽ കോളേജിൽ യൂണിറ്റ് ചീഫ് ഡോ. ടി പ്രശാന്തകുമാർ, ഡോ. അതുല്യ ജി അശോക് എന്നിവരാണ് ചികിത്സക്ക് നേതൃത്വം നൽകിയത്. ഹൈ ഡിപെൻഡൻസി യൂണിറ്റിൽ പ്രവേശിപ്പിച്ചിരുന്ന രോഗി 5 ദിവസത്തെ ചികിത്സക്ക് ശേഷം നാട്ടിലേക്ക് മടങ്ങി.

# ജനകീയ പങ്കാളിത്തത്തിൽ തൂണേരിക്ക് കുടുംബാരോഗ്യകേന്ദ്രം

**കോഴിക്കോട്:** തീരപ്രദേശത്തിനും മലനാടിനും ഇടയിലുള്ള ഇടനാട്ടിൽ ഉൾപ്പെടുന്ന തൂണേരി ഗ്രാമപഞ്ചായത്തിലെ പതിനാലാം വാർഡിലാണ് തൂണേരി കുടുംബാരോഗ്യകേന്ദ്രം സ്ഥിതി ചെയ്യുന്നത്. ജനങ്ങളുടെ ആരോഗ്യ പരിരക്ഷ പ്രധാന ആശ്രയ കേന്ദ്രം തൂണേരി കുടുംബാരോഗ്യകേന്ദ്രമാണ് .1980 കാലഘട്ടത്തിൽ വാടക കെട്ടിടത്തിൽ പ്രവർത്തനം ആരംഭിച്ച ആരോഗ്യകേന്ദ്രം, വാടക കെട്ടിടത്തിലെ പരിമിതികൾ ആശുപത്രിയുടെ സുഗമമായ പ്രവർത്തനത്തിന് തടസ്സം സൃഷ്ടിച്ചപ്പോൾ സ്വന്തം കെട്ടിടം പണിയുന്നതിനെക്കുറിച്ച് തൂണേരിയിലെ പ്രാദേശിക ഭരണ സമിതിയും പൊതു പ്രവർത്തകരും അതിനു വേണ്ട പ്രവർത്തനങ്ങൾ ആരംഭിച്ചു. ജനകീയ ഫണ്ട് സമാഹരണത്തിലൂടെ ഭൂമി വാങ്ങി ആശുപത്രി കെട്ടിടം പണിതു.

തൂണേരി ഗ്രാമപഞ്ചായത്തിന്റെ വികസന ചരിത്രത്തിൽ ഏറ്റവും തിളക്കമേറിയ നേട്ടങ്ങളിൽ ഒന്നായി മാറിയിരിക്കുകയാണ് തൂണേരി കുടുംബാരോഗ്യകേന്ദ്രം. എല്ലാ അർത്ഥത്തിലും മികച്ച നിലവാരം പുലർത്തുന്ന കുടുംബാരോഗ്യ കേന്ദ്രമാണ് ഇന്ന് തൂണേരി കുടുംബാരോഗ്യകേന്ദ്രം.

പഞ്ചായത്ത് പ്രസിഡന്റിന്റെയും മെഡിക്കൽ ഓഫീസറുടെയും നേതൃത്വത്തിൽ രൂപീകരിച്ച ജനകീയ കമ്മറ്റിയുടെ നേതൃത്വത്തിൽ ദേശീയ ആരോഗ്യ ദൗത്യം വഴി അനുവദിച്ച 15.49 ലക്ഷം രൂപയും ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളിൽ നിന്നും പ്രത്യേക കമ്മിറ്റികൾ വഴി പിരിച്ചെടുത്ത തുകയും വ്യക്തികളിൽ നിന്നും വിവിധ ഗ്രൂപ്പുകളിൽ നിന്നും പിരിച്ച തുകയും പ്രവാസികൾ നൽകിയ സഹായത്തിന്റെയും ഫലമാണ് ഇന്ന് തലയെടുപ്പോടെ കാണുന്ന പുതിയ കുടുംബാരോഗ്യകേന്ദ്രം. കുടുംബാരോഗ്യ കേന്ദ്രം കെട്ടിടത്തിന്റെ ഉദ്ഘാടനം ആരോഗ്യവും വനിതാ ശിശു വികസനവും മന്ത്രി വീണ ജോർജ് നിർവഹിച്ചു.

കുടുംബാരോഗ്യകേന്ദ്രം ആകുന്നതോടു കൂടി വൈകുന്നേരം വരെ പ്രീ ചെക്ക് അപ്പ്, ഒ പി സേവനം, ആശ്വാസ്, ശ്വാസ് സേവനങ്ങൾ, നിരീക്ഷണ മുറി, അത്യാധുനിക സൗകര്യങ്ങളോടുകൂടിയ രോഗി കാത്തിരിപ്പ് കേന്ദ്രം, ഫാർമസി, ലാബ് സൗകര്യം, യോഗ, പൊതുജനാരോഗ്യസേവനങ്ങൾ എന്നീ സേവനങ്ങൾ ലഭ്യമാണ്.





തൂണേരി കുടുംബാരോഗ്യ കേന്ദ്രം

# പാട്ട് പാടിയും കേട്ടും രോഗികൾ; താളം പകർന്ന് ഡോക്ടറും

**കോട്ടയം:** പാട്ട് കേട്ട് രോഗം മാറ്റുവാൻ സാധിച്ചില്ലെങ്കിലും, വേദനകളും വിഷമങ്ങളും മറക്കുവാൻ സാധിക്കുമെന്ന് തെളിയിക്കുകയാണ് കാഞ്ഞിരപ്പള്ളി ജനറൽ ആശുപത്രി സർജറി വാർഡിലെ ഡോക്ടറും രോഗികളും. കാഞ്ഞിരപ്പള്ളി ജനറൽ ആശുപത്രിയിലെ സർജറി വിഭാഗത്തിലെ രോഗികൾക്ക് ഏറെ പ്രിയപ്പെട്ട ഡോക്ടർ ബിനു കെ ജോൺ ആണ് വേദന മറക്കുവാൻ സംഗീതത്തിന് സാധിക്കുമെന്ന് രോഗികൾക്ക് കാണിച്ചുകൊടുത്തിരിക്കുന്നത്.

ഒരു ദിവസം കഠിന വേദനയാൽ ഒരു രോഗി ഏറെ ബുദ്ധിമുട്ടിയപ്പോൾ, ഒപ്പം ഉണ്ടായിരുന്നയാൾ മൊബൈലി ഒരു ഗാനം ഇടുകയും, അതിന്റെ കൂടെ വാർഡിൽ ഉണ്ടായിരുന്ന എല്ലാവരും ചേർന്ന് സന്തോഷത്തോടെ വേദനയും ദുഖങ്ങളും മറന്ന് ഗാനങ്ങൾ ആലപിക്കുകയും ചെയ്തു. സർജറി കഴിഞ്ഞ വേദനയിൽ കഴിഞ്ഞിരുന്ന നിരവധി രോഗികൾക്ക് അത് ഏറെ ആശ്വാസമാവുകയും ചെയ്തു. അതോടെ ആർക്കെങ്കിലും വിഷമം അധികമായാൽ, വാർഡിലെ എല്ലാവരും ചേർന്ന് പാട്ടുപാടുന്നത് പതിവാക്കുകയും ചെയ്തു. ഡോ. ബിനു കെ ജോൺ പൂർണ സപ്പോർട്ടുമായി രോഗികൾക്ക് ഒപ്പമുണ്ട്. ജോലി സമയം കഴിയുമ്പോൾ, ചില ദിവസങ്ങളിൽ രോഗികൾക്കൊപ്പം ഡോക്ടറും പാടുവാൻ ഒത്തുചേരുന്നതോടെ രോഗികൾക്ക് ഏറെ ആശ്വാസവും സന്തോഷവുമാണ് പ്രദാനം ചെയ്യുന്നത്.

# 'ചൊകന്ന വെള്ളവും പ്രസറിന്റെ മരുന്നും'

**മലപ്പുറം**: ജീവിത ശൈലീ രോഗങ്ങൾക്കെതിരെയുള്ള ബോധവൽക്കരണത്തിനായി 'ചൊകന്ന വെള്ളവും പ്രസറിന്റെ മരുന്നും' ലഘു നാടകവുമായി മേലാറ്റൂർ ഹെൽത്ത് ബ്ലോക്ക്. ആധുനിക കാലഘട്ടത്തിൽ മാറി വരുന്ന ജീവിത ശൈലി കാരണം പൊതു സമൂഹം ഏറ്റവും കൂടുതൽ അനുഭവിക്കുന്ന പ്രധാന ആരോഗ്യ പ്രശ്നങ്ങളെ കുറിച്ച് പൊതുജനങ്ങൾക്ക് അവബോധം നൽകുക എന്ന ലക്ഷ്യത്തോടെയാണ് 'ചൊകന്ന വെള്ളവും പ്രസറിന്റെ മരുന്നും' എന്ന ലഘു നാടകം നടത്തുന്നത്. ആരോഗ്യഭേരി പദ്ധതിയുടെ ഭാഗമായാണ് ലഘുനാടകവും വിവിധ ക്യാമ്പുകളും നടത്തുന്നത്. വിവിധ തരം ക്യാൻസറുകൾ, പക്ഷാഘാതം, പ്രമേഹം, രക്താതിസമർദ്ദം , ഹൃദ്രോഗങ്ങൾ പൊണ്ണത്തടി, ആസ്മ, സിഒപിഡി, കരൾ രോഗങ്ങൾ തുടങ്ങിയ വിവിധരോഗങ്ങൾ തെറ്റായ ജീവിതശൈലി മൂലം ഉണ്ടാകുന്നതാണ്. ബോധവൽക്കരണ ലഘു നാടകത്തിന്റെ ഭാഗമായി ഓരോ കേന്ദ്രത്തിലും നാടകാവതരണത്തിന് മുന്നോടിയായി എട്ടോളം കൗറുകൾ വഴി പൊതുജനാരോഗ്യ സേവനങ്ങളും നൽകുന്നു. ഒരു ദിവസം മൂന്നു ഷോ വീതം മൊത്തം ഒൻപത് ഷോകളാണ് നടത്തിയത്. കീഴാറ്റൂർ, എടപ്പറ്റ, മേലാറ്റൂർ, വെട്ടത്തൂർ, ആലിപ്പറമ്പ്, താഴെക്കോട്, ഏലംകുളം, പെരിന്തൽമണ്ണ എന്നിവിടങ്ങളിലാണ് ബോധവൽക്കരണ നാടകം നടത്തിയത്. മേലാറ്റൂർ ഹെൽത്ത് ബ്ലോക്കിലെ ജീവനക്കാരുടെ നേതൃത്വത്തിലാണ് നാടകം തയ്യാറാക്കിയതും അവതരിപ്പിക്കുന്നതും. നാടകാവതരണത്തിന്റെ ഭാഗമായി ഓരോ പഞ്ചായത്തിലും സ്വീകരണവും പൊതു പരിപാടിയും ഒരുക്കിയിരുന്നു.

ജീവിത ശൈലീരോഗങ്ങളിലേക്ക് നയിക്കുന്ന വിവിധങ്ങളായ കാരണങ്ങളെ തടയുന്നതിന്റെ ആവശ്യകതയെ കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കുന്നതിന് ഇതുവഴി സാധിച്ചു. ജില്ലയുടെ ആരോഗ്യ സുരക്ഷ ഉറപ്പ് വരുത്തുന്നതിനുള്ള ഭൗതിക സാഹചര്യങ്ങളും രോഗ-നിർണ്ണയ ബോധവൽക്കരണ പരിപാടികളും സംയുക്തമായി ആവിഷ്കരിക്കുന്നതിന്റെ ഭാഗമായി ജില്ലയിലെ വിവിധ തട്ടിലുള്ള എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെയും (ജില്ലാ പഞ്ചായത്ത്, ബ്ലോക്കു പഞ്ചായത്തുകൾ, ഗ്രാമപഞ്ചായത്തുകൾ, മുൻസിപ്പാലിറ്റികൾ) പൊതു ജനങ്ങളുടെയും, വിവിധ ഡിപ്പാർട്ട് മെന്റുകളുടെയും, വിവിധ സന്നദ്ധ സംഘടനകളുടെയും സഹകരണത്തോടെ ജില്ലയിൽ പദ്ധതി നടപ്പാക്കുന്നു.

അതിനായി ജില്ലയിലെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ചേർന്ന് ആവിഷ്കരിച്ച പദ്ധതിയാണ് ആരോഗ്യഭേരി. പ്രധാനമായും വ്യായാമം, ശരിയായ ഭക്ഷണക്രമം എന്നിവ പ്രോത്സാഹിപ്പിക്കുന്നത് ലക്ഷ്യമിട്ടാണ് ഈ പദ്ധതി.

## ലഘു നാടകവുമായി മേലാറ്റൂർ ഹെൽത്ത് ബ്ലോക്ക്



'ചൊകന്ന വെള്ളവും പ്രസറിന്റെ മരുന്നും'
മേലാറ്റൂർ ഹെൽത്ത് ബ്ലോക്ക് അവതരിപ്പിച്ച് ലഘു നാടകം

# ക്യാൻസർ

**ഡോ. ബിബിൻ ഗോപാൽ**
സ്റ്റേറ്റ് നോഡൽ ഓഫീസർ, എൻ പി സി ഡി സി എസ്

വയനാട് ജില്ലയിലെ സുൽത്താൻ ബത്തേരിയിൽ നിന്നും ഏകദേശം 20 കിലോമീറ്റർ ഉള്ളിലേക്ക് മാറി പരിഷ്ക്കാരങ്ങൾ ഏറെ കടന്നുചെന്നിട്ടില്ലാത്ത ഒരു ആദിവാസി മേഖലയാണ് നല്ലൂർനാട്. 2024 ജനുവരി മാസത്തിൽ കേന്ദ്ര ആരോഗ്യ മന്ത്രാലയം ഡെപ്യൂട്ടി ഡയറക്ടറുടെ നേതൃത്വത്തിലുള്ള ഒൻപത് അംഗ വിദഗ്ദ സംഘം നല്ലൂർനാട്ടിലെ ഏക സർക്കാർ സ്ഥാപനമായ നല്ലൂർനാട് ട്രൈബൽ ഗവണ്മെന്റ് ആശുപത്രി സന്ദർശിക്കുകയുണ്ടായി. ഉൾഗ്രാമമായ ഈ പ്രദേശത്ത് ദർശിക്കാൻ സാധ്യതയുള്ള ആരോഗ്യസൗകര്യത്തെക്കുറിച്ചുള്ള കാഴ്ചപ്പാടുകളുമായി എത്തിയ സംഘം പക്ഷെ, നല്ലൂർനാട്ടിലെ ക്യാൻസർ ചികിത്സാ കേന്ദ്രം കണ്ട് അത്ഭുതപ്പെടുകയുണ്ടായി. കീമോതെറാപ്പി കൊബാൾട്ട് മെഷീൻ ഉപയോഗിച്ചുകൊണ്ടുള്ള റേഡിയോതെറാപ്പി, നൂറോപീനിയ വാർഡ് തുടങ്ങിയ അത്യാധുനിക സൗകര്യങ്ങൾ ഈ മലയോര ആശുപത്രിയിൽ സുഗമമായി പ്രവർത്തിക്കുന്നത് ആരോഗ്യമേഖലയെക്കുറിച്ചും, ഏവരെയും ക്യാൻസർ ആശ്ചര്യപ്പെടുത്തി. കേരളത്തിന്റെ രോഗത്തിനെതിരായുള്ള പ്രതിരോധ പ്രവർത്തനങ്ങളെക്കുറിച്ചും ഇതിലും നല്ല ദൃഷ്ടാന്തം കേന്ദ്രസംഘത്തിന് വേറെ ലഭിക്കേണ്ടിയിരുന്നില്ല.

### ക്യാൻസറും കേരളവും

ആയൂർദൈർഘ്യത്തിൽ ഏറെ മുന്നിൽ നിൽക്കുന്ന സംസ്ഥാനത്ത്, ക്യാൻസർ പോലെയുള്ള ദീർഘസ്ഥായിരോഗങ്ങൾ രാജ്യ ശരാശരിയേക്കാലും ഉയർന്ന നിരക്കിലാണ് കാണപ്പെടുന്നത്. റീജിയണൽ ക്യാൻസർ സെന്ററുകളുടെ നിലവിലുള്ള രജിസ്ട്രി പ്രകാരം പ്രതിവർഷം അറുപത്തയ്യായിരത്തോളം പുതിയ ക്യാൻസർ രോഗികൾ കേരളത്തിൽ രജിസ്റ്റർ ചെയ്യപ്പെടുന്നു എന്നാണ് കണക്കാക്കപ്പെടുന്നത്. 14 ജില്ലകളിലും തുല്യതയാർന്ന രീതിയിലാണ് ക്യാൻസർ രോഗികളുടെയും, രോഗതരങ്ങളുടെയും നിലവിലുള്ള പ്രാചുരം. പുരുഷന്മാരിൽ വദനാർബുദം, ശ്വാസകോശാർബുദം, പ്രോസ്റ്റേറ്റ് ക്യാൻസർ എന്നിവയാണ് മുൻപന്തിയിൽ നിൽക്കുന്നതെങ്കിൽ സ്ത്രീകളിൽ ഇത് സ്തനാർബുദം, തൈറോയ്ഡ് ക്യാൻസർ, ഗർഭാശയഗളാർബുദം എന്ന നിരക്കിലാണ്. റീജിയണൽ ക്യാൻസർ സെന്റർ തിരുവന്തപുരം, മലബാർ ക്യാൻസർ സെന്റർ തലശ്ശേരി, കൊച്ചിൻ ക്യാൻസർ റീസെർച്ച് സെന്റർ എറണാകുളം എന്നീ സ്ഥാപനങ്ങൾ അർബുദ രോഗ ചികിത്സാ രംഗത്ത് മികവിന്റെ കേന്ദ്രങ്ങളായി പ്രവർത്തിച്ചു വരുന്നു. അഞ്ച് സർക്കാർ മെഡിക്കൽ കോളേജുകളിലും ഓങ്കോളജി യൂണിറ്റ് സജ്ജമാക്കിയിട്ടുണ്ട്. ആരോഗ്യവകുപ്പിന് കീഴിലുള്ള പ്രധാനപ്പെട്ട ആശുപത്രികളിൽ കീമോതെറാപ്പി ഉൾപ്പെടെയുള്ള സേവങ്ങൾ നൽകി വരുന്നുണ്ട്. ഇതിൽ എറണാകുളം ജനറൽ ആശുപത്രി അത്യാധുനിക സൗകര്യങ്ങളോടുകൂടിയ ക്യാൻസർ യൂണിറ്റായി പ്രവർത്തിച്ചു വരുന്നു.

### ക്യാൻസർ പ്രതിരോധം

'അല്പം ശ്രദ്ധ ആരോഗ്യം ഉറപ്പ്' എന്ന ആരോഗ്യവകുപ്പിന്റെ ക്യാമ്പയിന്റെ അടിസ്ഥാനത്തിൽ 30 വയസ്സിനു മുകളിൽ പ്രായമുള്ള എല്ലാ ജനങ്ങളുടെയും ക്യാൻസർ ഉൾപ്പെടെയുള്ള ജീവിതശൈലീ രോഗങ്ങൾ കണ്ടെത്തുന്നതിനുള്ള ജനസംഖ്യധിഷ്ഠിത ജീവിതശൈലീ നിരീക്ഷണ പദ്ധതി ആരംഭിക്കുകയുണ്ടായി. ഇഹെൽത്ത് തയ്യാറാക്കിയ ശൈലീ എന്ന മൊബൈൽ ആപ്ലിക്കേഷനിലൂടെ ആശാ പ്രവർത്തകർ ഗൃഹസന്ദർശനം നടത്തി രോഗസാധ്യതയുള്ളവരെ കണ്ടെത്തി ആരോഗ്യകേന്ദ്രങ്ങളിലേക്ക് റഫർ ചെയ്യുകയുണ്ടായി. ഒരു കോടി അമ്പത്തിമൂന്നു ലക്ഷം ആൾക്കാരിൽ നടത്തിയ ഈ സർവ്വേയിൽ 9 ലക്ഷത്തിലേറെ പേരെ ക്യാൻസർ സ്ക്രീനിങ്ങിന് റഫർ ചെയ്യുകയുണ്ടായി. ഇതിൽ 41,000 പേരെ വാദനാർബുദത്തിനും, 79000 പേരെ സ്തനാർബുദത്തിനും, 96000 പേരെ ഗർഭാശയഗളാർബുദത്തിനുമാണ് റഫർ ചെയ്തത്. ക്യാൻസർ രോഗം വരാൻ സാധ്യതയുള്ള ഹേതുക്കൾ (Risk Factor) ഏതെങ്കിലുമുള്ള ആൾക്കാരെയാണ് ഇപ്രകാരം റഫർ ചെയ്തത്. ഇതിലൂടെ ക്യാൻസർ രോഗ സാധ്യതയുള്ള ആൾക്കാരെ മുൻകൂട്ടി സ്ക്രീനിങ്ങിന് വിധേയമാക്കുന്നതിനും രോഗം നേരത്തെ കണ്ടെത്തുന്നതിനും സാധ്യമാകുന്നു. നേരത്തെ കണ്ടെത്താൻ സാധിക്കുന്നതും കണ്ടെത്തിയാൽ പൂർണ്ണമായും ചികിൽസിച്ച് ഭേദമാക്കാൻ സാധിക്കുന്നതുമായ സ്തനാർബുദം, വദനാർബുദം, ഗർഭാശയഗളാർബുദം എന്നീ രോഗങ്ങളെയാണ് ഈ പദ്ധതിയിലൂടെ പ്രധാനമായും ലക്ഷ്യമിടുന്നത്.

### ക്യാൻസർ കെയർ സ്യൂട്ട് (Cancer Care Suite)

ശൈലീ സ്ക്രീനിങ്ങിലൂടെ റഫർ ചെയ്ത ക്യാൻസർ സംശയബാധിതരായ എല്ലാ ജനങ്ങളുടേയും പ്രാരംഭ പരിശോധനകൾക്ക് പ്രാഥമികാരോഗ്യകേന്ദ്രങ്ങളിൽ സൗകര്യം ഒരുക്കിയിട്ടുണ്ട്. എം.എൽ.എസ്.പി., സ്റ്റാഫ് നഴ്സ്, മെഡിക്കൽ ഓഫീസർ എന്നിവരുടെ നേതൃത്വത്തിൽ സ്തനപരിശോധന, വായിലെ പരിശോധന, ഗർഭാശയ പരിശോധന എന്നിവ നടത്തുന്നതിനും സംശയമുള്ളവരെ വിദഗ്ദ്ധ പരിശോധനയ്ക്കായി മറ്റു കേന്ദ്രങ്ങളിലേക്ക് അയക്കുന്നതിനും സംവിധാനം ഒരുക്കിയിട്ടുണ്ട്. ഈ പ്രക്രിയ സുഗമമാക്കുന്നതിനായി ഇഹെൽത്ത് സംവിധാനത്തിലൂടെ ക്യാൻസർ കെയർ സ്യൂട്ട് എന്ന ആപ്ലിക്കേഷൻ തയ്യാറാക്കുകയും രോഗികളെ രജിസ്റ്റർ ചെയ്യുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട് പ്രാഥമികാരോഗ്യകേന്ദ്രങ്ങളിൽ പരിശോധനയ്ക്കായി എടുക്കുന്ന സാമ്പിളുകൾ വിദഗ്ദ്ധ കേന്ദ്രങ്ങളിൽ അയച്ച് പരിശോധിക്കുന്നതിനായി സാമ്പിൾ ട്രാൻസ് പോർട്ട് മെക്കാനിസം മിക്ക ജില്ലകളിലും നടപ്പിലാക്കി വരുന്നു.

### കേരള ക്യാൻസർ സ്ട്രാറ്റജിക് ആക്ഷൻ പ്ലാൻ

സംസ്ഥാന ആരോഗ്യവകുപ്പ് പ്രഖ്യാപിച്ച കേരള ക്യാൻസർ സ്ട്രാറ്റജിക് ആക്ഷൻ പ്ലാൻ പ്രകാരം ക്യാൻസർ രോഗ ചികിത്സാ സമ്പ്രദായങ്ങളെയും, ചികിത്സാ സ്ഥാപനങ്ങളെയും ഏകോപിപ്പിക്കുന്നതിന് പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഇതിനായി സംസ്ഥാനതലത്തിൽ ഒരു ക്യാൻസർ ബോർഡ് രൂപീകരിക്കുകയും ക്യാൻസർരോഗ ചികിത്സാ രംഗത്തെ സമസ്ത വിഷയങ്ങളിൽ ഈ ബോർഡിന്റെ പരിഗണനയ്ക്ക് വിധേയമാക്കുകയും ചെയ്തിട്ടുണ്ട്. ആശുപത്രികളുടെ അർബുദരോഗ ചികിത്സാ സൗകര്യങ്ങൾ അടിസ്ഥാനമാക്കി ആശുപത്രികളെ വിവിധ തലങ്ങളായി (level) തരംതിരിക്കുകയും ഓരോ തലത്തിലും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കുകയും ചെയ്തിട്ടുണ്ട്. ക്യാൻസർ ചികിത്സാ കേന്ദ്രങ്ങളെ കോർത്തിണക്കികൊണ്ട് ഒരു ക്യാൻസർ ഗ്രിഡ് (Cancer Grid) എല്ലാ ജില്ലക്കിലും തയ്യാറാക്കിയിട്ടുണ്ട്.

### ക്യാൻസർ രജിസ്ട്രി

ക്യാൻസർ കെയർ സ്യൂട്ടിലൂടെ രോഗം സ്ഥിരീകരിക്കുന്ന വ്യക്തികളെ ഉൾപ്പെടുത്തിക്കൊണ്ട് ഒരു Population Based Cancer Registry (PBCR) തയ്യാറാക്കുന്നതിനും ആശുപത്രികളിൽനിന്നുള്ള രോഗികളുടെ വിവരങ്ങൾ ഉൾകൊള്ളിച്ചുകൊണ്ട് Hospital Based Cancer Registry (HBCR) തയ്യാറാക്കുന്നതിനും നടപടി സ്വീകരിച്ചു വരുന്നു.

### ചികിത്സാ കേന്ദ്രങ്ങൾ

ക്യാൻസർ രോഗികളുടെ ബാഹുല്യത്തിന് അനുസൃതമായി രോഗചികിത്സാ കേന്ദ്രങ്ങൾ അപര്യാപ്തമാണെന്ന ബോധ്യത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന ആരോഗ്യവകുപ്പ് ആരംഭിച്ച ബൃഹത് പദ്ധതിയാണ് ജില്ലാ ക്യാൻസർ കെയർ പദ്ധതി. ഈ പദ്ധതി പ്രകാരം എല്ലാ ജില്ലകളിലും കീമോതെറാപ്പി ഉൾപ്പെടെയുള്ള ക്യാൻസർ ചികിത്സാ സൗകര്യങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് ഡേകെയർ കീമോതെറാപ്പി സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്. പരിശീലനം ലഭിച്ച ഡോക്ടർമാരുടെയും, ക്യാൻസർ രോഗ വിദഗ്ദർമാരുടെയും നേതൃത്വത്തിൽ പ്രവൃത്തിക്കുന്ന ഇത്തരത്തിലുള്ള 25 സെന്ററുകൾ സംസ്ഥാനത്ത് പ്രവർത്തിച്ചു വരുന്നു. ഇതിലൂടെ ക്യാൻസർ ചികിത്സാ കേന്ദ്രങ്ങളിൽ ലഭിക്കുന്ന അതേ ചികിത്സ ജനങ്ങൾക്ക് സ്വന്തം ജില്ലയിൽ ചെയ്യാൻ സാധിക്കുന്നുവെന്നത് അവരുടെ ആരോഗ്യ പരമായും, ശാരീരികപരമായും, സാമ്പത്തികപരമായുമുള്ള പ്രയാസങ്ങളെ ലഘൂകരിക്കുന്നതിന് സാധ്യമാകുന്നു. 25 കേന്ദ്രങ്ങളുടെ പേര് ചുവടെ ചേർക്കുന്നു.

### കീമോതെറാപ്പി കേന്ദ്രങ്ങൾ

| എണ്ണം | ആശുപത്രിയുടെ പേര് | ജില്ല |
|---|---|---|
| 1<br>2 | ജനറൽ ആശുപത്രി തിരുവനന്തപുരം<br>ജില്ലാ ആശുപത്രി നെടുമങ്ങാട് | തിരുവനന്തപുരം |
| 3<br>4 | ജില്ലാ ആശുപത്രി കൊല്ലം<br>താലൂക്ക് ആശുപത്രി പുനലൂർ | കൊല്ലം |
| 5 | ജില്ലാ ആശുപത്രി കോഴഞ്ചേരി | പത്തനംതിട്ട |
| 6<br>7 | ജനറൽ ആശുപത്രി ആലപ്പുഴ<br>ജില്ലാ ആശുപത്രി മാവേലിക്കര | ആലപ്പുഴ |
| 8<br>9 | ജനറൽ ആശുപത്രി പാലാ<br>ജില്ലാ ആശുപത്രി കോട്ടയം | കോട്ടയം |
| 10 | ജില്ലാ ആശുപത്രി തൊടുപുഴ | ഇടുക്കി |
| 11<br>12 | ജനറൽ ആശുപത്രി എറണാകുളം<br>ജനറൽ ആശുപത്രി മൂവാറ്റുപുഴ | എറണാകുളം |
| 13<br>14<br>15 | ജനറൽ ആശുപത്രി തൃശ്ശൂർ<br>താലൂക്ക് ആശുപത്രി ഇരിങ്ങാലക്കുട<br>താലൂക്ക് ആശുപത്രി കൊടുങ്ങല്ലൂർ | തൃശ്ശൂർ |
| 16<br>17 | ജില്ലാ ആശുപത്രി പാലക്കാട്<br>താലൂക്ക് ആശുപത്രി ഒറ്റപ്പാലം | പാലക്കാട് |
| 18<br>19<br>20 | ജില്ലാ ആശുപത്രി തിരൂർ<br>ജില്ലാ ആശുപത്രി നിലമ്പൂർ<br>സീതി ഹാജി ക്യാൻസർ കെയർ യൂണിറ്റ് എടവണ്ണ | മലപ്പുറം |
| 21 | ബീച്ച് ഹോസ്പിറ്റൽ കോഴിക്കോട് | കോഴിക്കോട് |
| 22 | ട്രൈബൽ ആശുപത്രി നല്ലൂർനാട് | വയനാട് |
| 23<br>24 | ജില്ലാ ആശുപത്രി കണ്ണൂർ<br>ജനറൽ ആശുപത്രി തലശ്ശേരി | കണ്ണൂർ |
| 25 | ജില്ലാ ആശുപത്രി കാഞ്ഞങ്ങാട് | കാസർഗോഡ് |

# ആരോഗ്യകരമായ ഭക്ഷണം ശീലിപ്പിക്കാൻ 'സൂപ്പർ മനു'

**എറണാകുളം** : കുട്ടികളിൽ ചെറുപ്പം മുതൽ തന്നെ ആരോഗ്യകരമായ ഭക്ഷണ ശീലങ്ങളും ജീവിത രീതികളും പ്രോത്സാഹിപ്പിക്കുന്നതിന് 'സൂപ്പർ മനു'വുമായി ആരോഗ്യവകുപ്പ് എറണാകുളം. ന്യൂട്രിഷൻ ആൻഡ് ഡയറ്റ് റിലേറ്റഡ് ഇന്റർവെൻഷൻ പ്രോഗ്രാമിന്റെ ഭാഗമായി സംഘടിപ്പിച്ച പോഷകാഹാര ബോധവൽക്കരണ പരിപാടിയുടെ ഭാഗമായി നിർമിച്ച ഹ്രസ്വചിത്രമാണിത്.

പള്ളുരുത്തി സെന്റ് തോമസ് പാരിഷ് ഹാളിൽ സംഘടിപ്പിച്ച പോഷകാഹാര ബോധവൽക്കരണ പരിപാടിയുടെ ഉദ്ഘാടനവും ഹ്രസ്വചിത്രത്തിന്റെ പ്രകാശനവും കെ.ജെ മാക്സി എം.എ .എ നിർവഹിച്ചു.

പ്രശസ്ത ബാലതാരം മാസ്റ്റർ ദ്രുപത് കൃഷ്ണയും റെഡ് എഫ്. എം ആർ.ജെ സുരാജും പ്രധാന കഥാപാത്രങ്ങളായെത്തുന്ന ഹ്രസ്വചിത്രമാണിത്.

ഫാൻസി ഡ്രസ്സ്, റീ സ്, ഓപ്പൺ ടാലൻറ് ഷോ, കുക്കറി ഷോ, പോസ്റ്റർ രചന തുടങ്ങിയ മത്സരങ്ങളും പരിപാടിയുടെ ഭാഗമായി സംഘടിപ്പിച്ചു.

കൊച്ചിൻ കോർപ്പറേഷൻ ആരോഗ്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ ടി.കെ അഷറഫ് അദ്ധ്യക്ഷത വഹിച്ചു. കുമ്പളങ്ങി ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് പി.എ സഗീർ, ഡിവിഷൻ കൗൺസിലർ പി.ആർ രചന, ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. കെ. സക്കീന, മട്ടാഞ്ചേരി സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി സൂപ്രണ്ട്, ഡോ. സി സി തങ്കച്ചൻ, ദേശീയ ആരോഗ്യ ദൗത്യം ജില്ലാ പ്രോഗ്രാം മാനേജർ ഡോ. സി. രോഹിണി, കുമ്പളങ്ങി സാമൂഹ്യ ആരോഗ്യ കേന്ദ്രം മെഡിക്കൽ ഓഫീസർ ഡോ. സി. ആശാമോൾ, ജില്ലാ മാസ് മീഡിയ ഓഫീസർ സി.എം ശ്രീജ തുടങ്ങിയവർ പങ്കെടുത്തു.




**ന്യൂട്രിഷൻ ആൻഡ് ഡയറ്റ് റിലേറ്റഡ് ഇന്റർവെൻഷൻ പ്രോഗ്രാമിന്റെ ഭാഗമായി സംഘടിപ്പിച്ച പോഷകാഹാര ബോധവൽക്കരണ പരിപാടി കെ.ജെ മാക്സി എം.എൽ.എ ഉദ്ഘാടനം ചെയ്യുന്നു.**

# കിടപ്പു രോഗികൾക്ക് ആശ്വാസമായി മോർഫിൻ രജിസ്റ്റേർഡ് സ്ഥാപനങ്ങൾ



**കൊല്ലം** : കിടപ്പു രോഗികൾക്ക് ആശ്വാസമായി ജില്ലയിലെ എല്ലാ താലൂക്ക് ആശുപത്രികളും സാമൂഹികാരോഗ്യ കേന്ദ്രങ്ങളും ഇനി മോർഫിൻ രജിസ്റ്റേർഡ് സ്ഥാപനങ്ങളാകുന്നു . ഈ വർഷം മാർച്ച് മാസത്തോടെ നടപ്പിലാക്കുന്ന പദ്ധതിയുടെ ഭാഗമായി മോർഫിൻ വിതരണം ചെയ്യുന്നതിനായി 24 ഡോക്ടർമാർക്കുള്ള പ്രത്യേക പരിശീലനം പൂർത്തിയായി. നാർക്കോട്ടിക് ഡ്രഗ്സിൽ ഉൾ പ്പെടുന്ന മോർഫിൻ വേദനസംഹാരി എന്ന നിലയിലാണ് പാലിയേറ്റീവ് രോഗികൾക്ക് വിതരണം ചെയ്യുന്നത്. മോർഫിൻ വിതരണം ചെയ്യുവാൻ അംഗീകൃത മെഡിക്കൽ സ്ഥാപന ങ്ങൾക്കു മാത്രമേ സാധിക്കൂ. കടുത്ത നിയന്ത്രണങ്ങളോടെയാണ് സംസ്ഥാനത്തു ഈ മരുന്ന് നിലവിൽ വിതരണം ചെയ്യുന്നത്. പരിശീലനം ലഭിച്ച ഡോക്ടർമാർക്കാണ് മരുന്ന് നല്കുന്നതിനുള്ള ലൈസൻസ് ഉള്ളത്, ഡബിൾ ലോക്കർ സിസ്റ്റം വഴി സൂക്ഷിക്കുന്ന മോർഫിൻ ദുരുപയോഗം ചെയ്യാതിരിക്കാനുള്ള മുൻകരുതലുകളും സ്വീകരിക്കും എത്ര രോഗികൾക്ക് എത്ര അളവിൽ മോർഫിൻ വേണമെന്ന് കൃത്യമായി കണക്കാക്കി അപേക്ഷ സമർപ്പിച്ചാൽ മാത്രമേ ലഭ്യമാകൂ. ആറ് മാസത്തിലൊരിക്കൽ ഇത് പുനഃപരിശോധനയ്ക്കുവിധേയമാക്കുകയും ചെയ്യുന്നു. ഇതിന്റെ അടിസ്ഥാനത്തിലാണ് മരുന്ന് വിതരണം. ഇത്തരത്തിൽ അംഗീകാരം നേടിയാണ് താലൂക്ക് ആശുപത്രികളും സാമൂഹികാരോഗ്യ കേന്ദ്രങ്ങളും മോർഫിൻ രജിസ്റ്റേർഡ് സ്ഥാപനങ്ങൾ ആകുന്നത്. 10300 പൂർണമായും കിടപ്പിലായ രോഗികൾ, കൂടാതെ കിഡ്നി, കരൾ എന്നിവ മാറ്റിവെയ്ക്കലിന് വിധേയരായവർ, അർബുദ രോഗികൾ ഉൾപ്പെടെ 12320 രോഗികളും പാലിയേറ്റീവ് കെയറി രെജിസ്റ്റർ ചെയ്തിട്ടുണ്ട്.

# വൃക്കരോഗികൾക്ക് ആശ്വസിക്കാം; പുതിയ ഡയാലിസിസ് ബ്ലോക്ക്

**എറണാകുളം**: ജനറൽ ആശുപത്രിയിലെ പുതിയ ഡയാലിസിസ് ബ്ലോക്ക് വൃക്ക രോഗികൾക്ക് സഹായക മാകുമെന്ന് ആരോഗ്യവകുപ്പ് മന്ത്രി വീണാ ജോർജ്. എറണാകുളം ജനറൽ ആശുപത്രിയിലെ ഡയാലിസിസ് ബ്ലോക്ക് ഓൺലൈനായി ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായി രുന്നു മന്ത്രി. മൂന്ന് ഷിഫ്റ്റുകളിലായി 162 പേർക്ക് ഹീമോ ഡയാലിസിസ് ചെയ്യാൻ സാധിക്കും. വീടുകളിൽ തന്നെ ചെയ്യാൻ സാധിക്കുന്ന പെരിറ്റോണി യൽ ഡയാലിസിസിനും സൗകര്യമുണ്ട്. നിലവിൽ 650ലധികം രോഗികൾ പെരിറ്റോണിയൽ ഡയാലിസിസ് ചെയ്യുന്നുണ്ട്. അടുത്ത സാമ്പത്തിക വർഷത്തിൽ കൂടുതൽ തുക ഇതിനായി കണ്ടെത്തുമെന്നും സാമ്പത്തിക പ്രതിസന്ധികൾക്കിടയിലും പദ്ധതികൾ കൃത്യമായിമുന്നോട്ടു കൊണ്ടുപോകുന്നതിനാണ് സർക്കാർ ശ്രമമെന്നും മന്ത്രി പറഞ്ഞു.

രാജ്യത്തെ തന്നെ ഏറ്റവും വലിയ ഡയാലിസിസ് യൂണിറ്റാണ് നൂതന സംവിധാനങ്ങളോടെ, എറണാകുളം ജനറൽ ആശുപത്രിയി ഒരുങ്ങി യിരിക്കുന്നത്. അത്യാധുനിക സൗകര്യങ്ങളോടുകൂടിയ 54 ഡയാലിസിസ് മെഷീനുകൾ, 54 കൗചുകൾ, മൾട്ടിപാരമീറ്ററുകൾ, ആറ് നഴ്സിങ്ങ് സ്റ്റേഷനുകൾ മൂന്ന് ഹെൽപ്പ് ഡസ്കു കൾ, 12 സ്ക്രബ്ബ് ഏരിയ, 300 ഡയലൈസറുകൾ തുടങ്ങിയ സൗകര്യങ്ങൾ ഡയാലിസിസ് ബ്ലോക്കിൽ സജ്ജമാണ്. രോഗികളുടെ മാനസിക ഉല്ലാസ ത്തിനായി 18 ടിവികൾ, സ്റ്റോറുകൾ തുടങ്ങിയ എല്ലാ സൗകര്യങ്ങളും കെട്ടിടത്തിൽ ഒരുക്കിയിട്ടുണ്ട്.

2017- 18 കാലയളവി ഹൈബി ഈഡൻ എം പിയുടെ പ്രാദേശിക വികസന ഫണ്ടിൽ നിന്നും രണ്ട് കോടി രൂപ, ആശുപത്രി വികസന സമിതി ഫണ്ട്, സി.എസ്.ആർ.ഫ് എന്നിവ ഉപയോഗിച്ചുകൊണ്ട് എട്ട് കോടി രൂപ വകയിരുത്തിയാണ് പുതിയ ബ്ലോക്കിലെ നിർമ്മാണം പൂർത്തിയായിരിക്കുന്നത്. വൃക്ക രോഗങ്ങൾ കൊണ്ട് ബുദ്ധിമുട്ട് അനുഭവിക്കുന്നവർക്കായി ഹീമോ ഡയാലിസിസും, പെരിട്ടോണിയ ഡയാലിസിസും, റീന ട്രാൻസ്പ്ലാന്റേഷനും സാധ്യമാകുന്ന ഒരു സമഗ്ര നേഫ്രോളജി പാക്കേജാണ് ജനറൽ ആശുപത്രിയിൽ യാഥാർത്ഥ്യമായിരിക്കുന്നത്.

ടി.ജെ വിനോദ് എം.എൽ.എ അധ്യക്ഷത വഹിച്ച ചടങ്ങിൽ ഹൈബി ഈഡൻ എം.പി, കൊച്ചി മേയർ അഡ്വ. എം അനി കുമാർ, ജില്ലാ കളക്ടർ എൻ.എസ്. കെ ഉമേഷ്, വാർഡ് കൗൺസിലർ പത്മജ എസ്. മേനോൻ, ജില്ലാ മെഡിക്കൽ ഓഫീസർ കെ. സക്കീന, ഡിസ്ട്രിക്ട് ഗവർണർ റോട്ടറി ഇന്റർനാഷണൽ രാജ്മോഹൻ, കൊച്ചിൻ ഷിപ്പ് യാർഡ് പ്രതിനിധികൾ, ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ പ്രതിനിധി കൾ, ആശുപത്രി ജീവനക്കാർ തുടങ്ങിയവർ പങ്കെടുത്തു.




**എറണാകുളം ജനറൽ ആശുപത്രിയിലെ പുതിയ ഡയാലിസിസ് ബ്ലോക്ക് ഉദ്ഘാടനം.**

# ജീവിത സായാഹ്നത്തിൽ കൂട്ടുകൂടാനിടമായി പകൽ വീട്

**കണ്ണൂർ**: 'നമുക്ക് ഇവിടെ നിന്ന് കിട്ടുന്ന സന്തോഷവും സമാധാനവും ചെറുതല്ല'. കതിരൂർ പുല്ല്യോട് സി.എച്ച് നഗറിലെ പകൽ വിശ്രമ കേന്ദ്രത്തിലെ കോലായിരുന്ന് മുഖത്ത് മായാത്ത പുഞ്ചിരിയുമായി മാധവിയമ്മ (പേര് സാങ്കൽപ്പികം) പറയുന്നു. 2019 മാർച്ച് നാലിനാണ് സി. എച്ച് നഗറിലെ പകൽ വീട് പ്രവർത്തനമാരംഭിക്കുന്നത്. പഞ്ചായത്തിന് സൗജന്യമായി ലഭിച്ച 7 സെന്റ് സ്ഥലത്ത് കതിരൂർ ഗ്രാമപഞ്ചായത്ത് 16 ലക്ഷം രൂപ ചിലവഴിച്ചാണ് പകൽ വീട് ഒരുക്കുന്നത്. വാർദ്ധക്യത്തിലെത്തിയ മുപ്പതോളം പേരുടെ ആശ്രയകേന്ദ്രമാണ് ഇന്നിവിടം.

പുല്ല്യോട് സി.എച്ച് നഗറിലെ പകൽ വീട് രാവിലെ പത്ത് മണിയോട് കൂടി പ്രവർത്തിച്ചു തുടങ്ങും. പത്തരയോട് കൂടി പ്രഭാതഭക്ഷണം. പിന്നെ കുറച്ച് നേരം വ്യായാമമാണ്. അതിനിടയിൽ ഉച്ചയ്ക്കുള്ള ഭക്ഷണം തയ്യാറാക്കലും നടക്കും. ചക്കക്കാലമായാൽ അപ്പുറത്തെ പറമ്പിൽ നിന്നും ചക്ക കിട്ടും. ആ ചക്കയുമായി എല്ലാവരും ഒന്നിച്ചിരിക്കും. സൊറ പറച്ചിലും പാട്ട് പാടലുമൊക്കെയായി ചക്ക അരിയലും കഴിയും. ഉച്ചയ്ക്കുള്ള പുഴുക്കിനുള്ള ജോലി എല്ലാവരും ഒന്നിച്ചങ്ങ് തീർക്കും.

ആരോഗ്യ പരിപാലനത്തിനായി ആധുനിക സംവിധാനങ്ങളടങ്ങിയ ഉപകരണങ്ങൾ ഇവിടെയുണ്ട്. ചെയ്തുകാണിക്കാമോ എന്ന് ചോദിക്കേ താമസം എല്ലാവരും റെഡി. അവിടത്തെ ഏറ്റവും പ്രായം കൂടിയ അമ്മയാണ് ആദ്യം ട്രെഡ്മില്ലിൽ കയറിയത്. മെഷീനുകൾ പരിചയപ്പെടുത്താൻ എല്ലാവർക്കും ആവേശം. പരിശീലനം മുറയ്ക്ക് നടക്കുന്നുന്നെന്ന് വ്യക്തം.






കതിരൂർ പുല്ല്യോട് സി.എച്ച് നഗറിലെ പകൽ വിശ്രമ കേന്ദ്രം

ഉച്ചഭക്ഷണം കഴിഞ്ഞാൽ പിന്നെ അൽപ്പസമയം വിശ്രമമാണ്. കുറച്ചുപേർ ടി.വി കാണും, കുറച്ച് പേർ അൽപസമയം ഒന്ന് മയങ്ങും. കുറച്ച് പുരുഷന്മാരാകട്ടെ പായയും ചുരുട്ടിപ്പിടിച്ച് ഒരു പോക്കാണ്.

തൊട്ടടുത്തുള്ള ക്ഷേത്ര മുറ്റത്തേക്ക്. അവിടെ ആൽത്തറയിലായിരിക്കും അവരുടെ വൈകുന്നേരം. വിനോദത്തിനായി കേരംസ്, ചെസ് തുടങ്ങിയവ ഒരുക്കിയിട്ടുണ്ട്. കൂടാതെ സംഭാവനയായി ലഭിച്ച 200ഓളം പുസ്തകങ്ങളും ഇവിടെയുണ്ട്. നിശ്ചിത ഇടവേളകളിൽ അലോപ്പതി, ഹോമിയോ, ആയുർവേദ ക്യാമ്പുകൾ സംഘടിപ്പിക്കുന്നു. യോഗ പരിശീലനം എല്ലാ ദിവസവും നടക്കുന്നു. 60 വയസ്സ് പിന്നിട്ട 30 പേരാണ് ഇവിടെയുള്ളത്. പ്രത്യേക അനുമതിയോടെ ഒരു കെയർടേക്കറും ഇവിടെ പ്രവർത്തിച്ചുവരുന്നു.

'സാമ്പ്രദായിക വയോജന വിശ്രമകേന്ദ്രത്തിൽ നിന്ന് എങ്ങനെ സർഗ്ഗാത്മകമായ രീതിയിൽ നമ്മുടെ കേന്ദ്രത്തെ മാറ്റാം എന്ന ഭരണസമിതിയുടെ ആലോചനയിൽ നിന്നാണ് ഇന്ന് കാണുന്ന രീതിയിലുള്ള പല മാറ്റങ്ങളും രൂപപ്പെട്ടത്. വയോജന ഗ്രാമസഭകൾ ചേർന്നും എല്ലാ വാർഡുകളിലും വയോക്ലബ്ബുകൾ രൂപീകരിച്ചും അവരിൽ നിന്നുള്ള അഭിപ്രായങ്ങൾ സ്വീകരിച്ചു'. പി പി സനിൽ, കതിരൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്.

# ആശമാർ ഇനി മുതൽ ആയുഷ് മേഖലയിലും

**കാസർഗോഡ്**: ആയുഷ് മേഖലയിൽ ആശമാരുടെ സേവനം ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി ജില്ലയിലെ ആശമാർക്ക് പരിശീലനം നൽകി. ജില്ലാ മെഡിക്കൽ ഓഫീസ് (ആരോഗ്യം), ദേശീയ ആരോഗ്യ ദൗത്യം, നാഷണൽ ആയുഷ് മിഷൻ എന്നിവയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച പരിശീലന പരിപാടിയുടെ ഉദ്ഘാടനം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ബേബി ബാലകൃഷ്ണൻ നിർവ്വഹിച്ചു. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) ഡോ.എ വി രാംദാസ് അദ്ധ്യക്ഷനായിരുന്നു.

നാഷണൽ ആയുഷ് മിഷന്റെ നേതൃത്വത്തിൽ ആയുഷ് ഹെൽത്ത് ആന്റ് വെൽനസ്സ് കേന്ദ്രങ്ങളിൽ ആശമാരുടെ സേവനം ഉറപ്പുവരുത്തി സമഗ്രമായ ആരോഗ്യ പരിപാലനമാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. മോഡേൺ മെഡിസിനിൽ എന്ന പോലെ ആശമാരുടെ സേവനം ഇനി ആയുഷ് മേഖലയിലും വിപുലീകരിക്കും. തദ്ദേശ സ്വയംഭരണ സ്ഥാപന പരിധിയിലെ ജനവിഭാഗങ്ങൾക്ക് ആയുർവേദ/ഹോമിയോപതി എന്നിവയെ കുറിച്ച് അവബോധം നൽകുക, ദേശീയ ആയുഷ് മിഷൻ ലഭ്യമാക്കുന്ന വിവിധ പദ്ധതികളും സേവനങ്ങളും പരിചയപ്പെടുത്തുക, ഹെൽത്ത് ആന്റ് വെൽനസ്സ് കേന്ദ്രങ്ങളൽ ലഭിക്കുന്ന മാതൃശിശു സേവനങ്ങൾ പ്രയോജനപ്പെടുത്താൻ സഹായങ്ങൾ നൽകുക കൂടാതെ ജീവിത ശൈലീ രോഗ പ്രതിരോധം, പകർച്ചവ്യാധി പ്രതിരോധം തുടങ്ങിയ മേഖലകളിൽ ഇനി മുതൽ ആശമാർ അംബാസിഡർമാരാകും.

ആയുർവേദം, ഹോമിയോപതി എന്നിവയെ കുറിച്ചുള്ള ശാസ്ത്രപരിചയം, ആയുഷ് ഹെൽത്ത് ആന്റ് വെൽനസ്സ് സെന്ററുകളിൽ ആശമാരുടെ ഫീൽഡ് തല ചുമതലകൾ, യോഗ എന്നീ വിഷയങ്ങളിൽ ഡോ. മുജീബ് റഹ്മാൻ സി എച്ച്, ഡോ.പ്രതിഭ കെ, ഡോ.ശ്രീജ എസ് എ, ഡോ.രശ്മി പി കെ, ശ്രീമതി നീന കെ എന്നിവർ ക്ലാസ്സെടുത്തു. നഗര പ്രദേശങ്ങളിലെ ആശ പ്രവർത്തകരുടെ സേവനങ്ങൾ പ്രതിപാദിക്കുന്ന ബോധവൽകരണ വീഡിയോ 'കാവൽ' പ്രകാശനവും ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് നിർവഹിച്ചു. ജില്ലാ മെഡിക്കൽ ഓഫീസ് (ആരോഗ്യം), ദേശീയ ആരോഗ്യ ദൗത്യം എന്നിവയുടെ സംയുക്ത ആഭിമുഖ്യത്തിലാണ് വീഡിയോ തയ്യാറാക്കിയത്.





ആശമാർക്കായി സംഘടിപ്പിച്ച പരിശീലന പരിപാടിയുടെ ഉദ്ഘാടനം
ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ബേബി ബാലകൃഷ്ണൻ നിർവ്വഹിക്കുന്നു.


## പത്രാധിപ സമിതി

ചീഫ് എഡിറ്റർ
**കെ ജീവൻ ബാബു ഐ എ എസ്**
സ്റ്റേറ്റ് മിഷൻ ഡയറക്ടർ, എൻ എച്ച് എം
എഡിറ്റർ
**കെ പി ശിനോഷ്**
സീനിയർ കൺസൾട്ടന്റ്, ബി സി സി
മാനേജിംഗ് എഡിറ്റർ
**ഡോണ തോമസ്**
ജെ സി (ഡിഎസി), സ്റ്റേറ്റ് മിഷൻ ഓഫീസ്
അസോ. എഡിറ്റർ
**ടി സ്മൃതി ലക്ഷ്മി**
കൺസൾട്ടന്റ്, സ്റ്റേറ്റ് മിഷൻ ഓഫീസ്
**കെ കെ ഷൈജിൽ**
ജെ സി (ഡിഎസി), സ്റ്റേറ്റ് മിഷൻ ഓഫീസ്
അംഗങ്ങൾ
**ജിജിൽ മാത്യു**
കൺസൾട്ടന്റ് (ഡിഎസി), ഇടുക്കി
**ഡാനി പ്രിയൻ**
കൺസൾട്ടന്റ് (ഡിഎസി), തൃശ്ശൂർ
**ദിവ്യ ചേലാട്ട്**
കൺസൾട്ടന്റ് (ഡിഎസി), കോഴിക്കോട്
**വിനീഷ് സി ആർ**
കൺസൾട്ടന്റ് (ഡിഎസി), കോട്ടയം
**വിനു എ**
കൺസൽട്ടന്റ് (ഡിഎസി), എറണാകുളം
**ആഗ്നൽ ജോസഫ്**
കൺസൾട്ടന്റ് (ഡിഎസി), ആലപ്പുഴ
**വർഷ ജയപ്രകാശ്**
ജെ സി (ഡിഎസി), തിരുവനന്തപുരം
**പ്രീത എം**
ജെ സി (ഡിഎസി), പാലക്കാട്
**ദിവ്യ ഇ ആർ**
ജെ സി (ഡിഎസി), മലപ്പുറം
**ബിൻസി രവീന്ദ്രൻ**
ജെ സി (ഡിഎസി), കണ്ണൂർ
**കമൽ കെ ജോസ്**
ജെ സി (ഡിഎസി), കാസർഗോഡ്
**നിജിൽ**
ജെ സി (ഡിഎസി), വയനാട്
**അജിത് കുമാർ പി.എ**
ജെ സി (ഡിഎസി), പത്തനംതിട്ട
**അശ്വിനി രവീന്ദ്രൻ**
ജെ സി (ഡിഎസി), കൊല്ലം
**ശ്രീദേവി കെ എസ്**
ക്ലർക്ക്, ഡി ഇ ഒ, സ്റ്റേറ്റ് മിഷൻ ഓഫീസ്